
☆

## അനുസ്മരണം



അജ്ഞതയുടെ ഭീകരസത്വം സമൂഹത്തെ വിഴുങ്ങിക്കൊണ്ടിരുന്ന
അഭിശപ്തമായ കാലം!

ഉത്തമസംസ്കാരത്തിൻെറ നഷ്ടപ്രതാപവുമായി
അന്ധകാരത്തിൻെറ മൂടുപടലങ്ങളിൽ
അന്ധാളിച്ചുനിന്ന ഒരു സമുദായം!

ആട്ടിൻപറ്റത്തെപ്പോലെ 'മേലാളന്മാർ' തെളിച്ചപ്പോൾ
എങ്ങോട്ടെന്നറിയാതെ തപ്പിത്തടഞ്ഞ ആൾക്കൂട്ടം!
സമൂഹത്തെ ബാധിച്ച വിപത്തിൻെറ വേരുകൾ
ഉൾക്കണ്ണുകൊണ്ട് തിരിച്ചറിഞ്ഞ മനുഷ്യസ്നേഹികൾ!

കട്ടപിടിച്ച തമസ്സിൻെറ ലോകത്ത്
നെയ്ത്തിരി കത്തിച്ച വിപ്ലവകാരികൾ!
ഇത്തിരിവെട്ടം പൊലിപ്പിച്ചെടുത്ത്
പ്രഭ ചൊരിയുന്ന പ്രകാശ ഗോപുരമാക്കിമാറ്റിയ
മഹാപ്രസ്ഥാനത്തിൻെറ സാരഥികൾ!

ഒരു പ്രാർത്ഥനയായി,
ഒരു വാക്കായി, വിയർപ്പായി,
കാണം വിറ്റ പണമായി,

ഫാറൂഖ് കോളേജ് എന്ന യജ്ഞത്തിൽ പങ്കുചേർന്ന
നിസ്വാർത്ഥതയുടെ നിറകുടങ്ങൾ!
അവരോട് നീതികാട്ടാൻ വാക്കുകൾക്കാവില്ല.
ആത്മസംതൃപ്തിക്കായി മാത്രം
ആ പഴയ ഏടുകളിലൂടെ ഒറ്റനോട്ടം!

### കെ. ഇസ്മാഈൽ സാഹിബ്


1949 ഡിസംബർ 5-ന് 35 വയസ്സ് തികഞ്ഞതോടെ മരിച്ച ഫറൂക്കിലെ കളത്തിങ്കൽ ഇസ്മാഈൽ സാഹിബ് ഈ കോളേജിൻെറ സ്ഥാപനത്തിലും വളർച്ചയിലും പ്രധാന പങ്കുവഹിച്ച ഒരസാധാരണവ്യക്തിയായിരുന്നു. 1948-ൽ കോളേജ് തുടങ്ങാൻ കെട്ടിടമില്ലാതിരുന്ന ഘട്ടത്തിൽ തൻെറ തറവാടായ മൂന്നിലകം വീട് അദ്ദേഹം കോളേജിനു വിട്ടുകൊടുത്തു. പ്രസ്തുത കെട്ടിടത്തിൻെറ ഒരു ഷെഡ് നിലം സിമൻറിട്ടു വൃത്തിയാക്കി

ഇൻറർമീഡിയറ്റ്, ബി.എ. എന്നീ ക്ലാസ്സുകൾ നടത്താനും തയ്യാറാക്കിക്കൊടുത്തു. വിദ്യാർത്ഥികൾക്ക് താമസിക്കാൻ സ്ഥലമില്ലാതെ വിഷമിച്ചപ്പോൾ ഫറൂഖ് പേട്ടയിൽ അദ്ദേഹം നിർമ്മിച്ചുകൊണ്ടിരുന്ന ഒരു കെട്ടിടത്തിൻെറ മാളിക പെട്ടെന്നു പത്തുമുറികളായി പണികഴിപ്പിച്ച് തല്ക്കാലം ഹോസ്റ്റലായി ഉപയോഗിക്കാനും വിട്ടുകൊടുത്തു. അതോടൊപ്പംതന്നെ കോളേജ് കുന്നിൻമുകളിൽ 40 മുറികളും മറ്റെല്ലാ സൗകര്യങ്ങളുമുള്ള അതിമനോഹരമായ ഒരു ഹോസ്റ്റൽ കെട്ടിടം (ഇപ്പോഴത്തെ ആസാദ് ഹോസ്റ്റൽ) പണിതീർത്ത് 1949-ൽ വിദ്യാർത്ഥികൾക്ക് താമസിക്കാൻ തയ്യാറാക്കിക്കൊടുത്തു. കാടുനിറഞ്ഞ ഈ കുന്നിൻമുകളിൽ അന്ന് വെറും 32 വിദ്യാർത്ഥികൾ മാത്രം പഠിച്ചുകൊണ്ടിരുന്ന ഈ കോളേജിന് വേണ്ടി അതിൻെറ ഭാവിയെന്തെന്ന് ആർക്കും പ്രവചിക്കാൻ പറ്റാത്ത ഒരു ഘട്ടത്തിൽ പിന്നീടുള്ള നാല്പതു കൊല്ലക്കാലം കൊണ്ടുണ്ടായ മനോഹരങ്ങളായ കെട്ടിടങ്ങളോട് കിടപിടിക്കത്തക്ക ഈ കെട്ടിടം പണിതീർത്തത് അദ്ദേഹത്തിൻെറ ദീർഘദൃഷ്ടിയും, ഈ സ്ഥാപനത്തിൻെറ ഭാവിയെ സംബന്ധിച്ച ശുഭപ്രതീക്ഷയും, അതിലുപരി ആ മഹാനുഭാവൻെറ അഭിലാഷവും വിളിച്ചോതുന്നതാണ്. അന്നത്തെ സന്നിഗ്ധഘട്ടത്തിൽ കോളേജ് കെട്ടിടത്തിൻെറ പണി ഏറ്റെടുത്തതും അദ്ദേഹത്തിൻെറ മറ്റൊരു സഹായമായിരുന്നു. മർഹൂം വി. ഹസ്സൻ ഹാജിയുമൊത്ത് അദ്ദേഹം കെട്ടിടം പണിയിച്ചിരുന്നത് തികച്ചും ആവേശകരമായ ഒരു കാഴ്ചയായിരുന്നു. 1935-ൽ അദ്ദേഹം ഫറൂക്കിൽ ആരംഭിച്ച 'ഫറോക്ക് മാച്ച് വർക്ക്സ്' കേരളത്തിലെ ഒന്നാമത്തെ വലിയ തീപ്പെട്ടിക്കമ്പനിയായിരുന്നു. അദ്ദേഹം പിന്നീടു 'പ്ലൈവുഡ് ഫാക്ടറി'യും തുടങ്ങി. ആ ഉരുക്കുമനുഷ്യൻെറ സാഹസികപ്രവർത്തനങ്ങൾ അദ്ദേഹത്തിൻെറ അല്പായുസ്സിൻെറ സൂചനയായിരുന്നേക്കാം. തൻെറ അദ്ധ്വാനത്തിനുപുറമേ, കെട്ടിടമായും, പണമായും, സാധനങ്ങളായും പല സംഭാവനകൾ അദ്ദേഹം കോളേജിനു നല്കിയിട്ടുണ്ട്.

## പി.എം. ആറ്റക്കോയ തങ്ങൾ

1954 ജുലായ് 10-ന് ദിവംഗതനായ ഖാൻ ബഹദൂർ പി.എം. ആറ്റക്കോയ തങ്ങൾ 1948 ജൂൺ 12 മുതൽ മരണം വരെ ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മിറ്റിയുടെ ഉപാദ്ധ്യക്ഷനായിരുന്നു. കോഴിക്കോട്ടെ ഒരു ഉന്നത കുടുംബമായ പുതിയ മാളിയക്കൽ തറവാട്ടിൽ ഖാൻ ബഹദൂർ പി.എം. മുത്തുക്കോയ തങ്ങളുടെ പുത്രനായി ജനിച്ച അദ്ദേഹത്തിന് പതിവിന് വിപരീതമായി ഭൗതികവിദ്യാഭ്യാസം കൂടി പിതാവ് നല്കി. ചെറുപ്പത്തിൽ തന്നെ പൊതുകാര്യപ്രസക്തനായിരുന്ന അദ്ദേഹം കോഴിക്കോട് മുൻസിപ്പൽ കൗൺസിൽ അംഗമായും ഖിലാഫത്ത് കമ്മിറ്റിയുടെ പ്രസിഡണ്ടായും മാപ്പിള അമിലിയോറേഷൻ കമ്മിറ്റി അംഗമായും, കോഴിക്കോട് താലൂക്ക് ബോർഡിലെ അംഗം, പ്രസിഡണ്ട് എന്നീ പദവികളിലും മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വെള്ളപ്പൊക്കകെടുതികൾ തീർക്കുന്നതിലും, മലബാർ ലഹള[...] ത്തുടർന്നുണ്ടായ അനാഥകളെ സംരക്ഷിക്കു[...] തിന് സ്ഥാപിതമായ ജെ.ഡി.റ്റി. ഇസ്ലാം അനാഥശാലയുടെ സ്ഥാപനത്തിലും വ[...]ച്ചയിലും അദ്ദേഹം സുപ്രധാന പങ്ക് വഹി[...]ക്കുകയുണ്ടായി. പൊതുനന്മയ്ക്കുള്ള ഇ[...] പ്രവർത്തനങ്ങളുടെ അംഗീകാരമായി 1931-ൽ അദ്ദേഹത്തിന് ഖാൻ ബഹദൂർ ബഹുമതി നല്കപ്പെട്ടു. ഡിസ്ട്രിക്ട് എജ്യു[...]ക്കേഷൻ കൗൺസിലിലും, മലബാർ സെ[...]ക്കൻഡറി എജ്യുക്കേഷൻ കൗൺസിലിലു[...] അദ്ദേഹം പ്രവർത്തിച്ചു. ഹിമായത്തു[...] ഇസ്ലാം ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്[...] ഹൈസ്കൂളാക്കിയത് അദ്ദേഹത്തിൻെറ നേ[...]തൃത്വത്തിലാണ്. പൊന്നാനി മഊനത്തു[...] ഇസ്ലാം സഭയുടെ കീഴിലുള്ള മദ്രസ്സ ഹൈസ്[...]കൂളാക്കിയതും അദ്ദേഹത്തിൻെറ നയവും സാമർത്ഥ്യവും മൂലമാണ്.

ഫാറൂഖ് കോളേജിൻെറ സ്ഥാപനത്തി[...]ലും വളർച്ചയിലും തങ്ങൾ സ്തുത്യർഹമാ[...] പങ്ക് വഹിച്ചിട്ടുണ്ട്. 1948 ആഗസ്റ്റ് 12-ാം[...] പുതിയ മാളിയക്കൽവച്ച് അന്നത്തെ ര[...] കോളേജദ്ധ്യാപകരുടെ സാന്നിധ്യത്തിൽ 'ഇന്ന് നമ്മുടെ കോളേജ് തുടങ്ങിയിരിക്കു[...]ന്നു' എന്നു പറഞ്ഞുകൊണ്ടുള്ള ഉദ്ഘാടനം നിർവ്വഹിച്ചത് അദ്ദേഹമായിരുന്നു. വാതരോ[...]ഗത്തിൻെറ അവശതയുണ്ടായിരുന്നിട്ടും കോ[...]ളേജിൻെറ ധനശേഖരണത്തിന് നേതൃത്വം നല്കുകയും, അതിനായി വളരെയധികം സഞ്ചരിക്കുകയും ക്ലേശങ്ങൾ അനുഭവിക്കു[...]കയും ചെയ്തിട്ടുണ്ടദ്ദേഹം.





### വി.കെ. ഉണ്ണിക്കമ്മുസാഹിബ്.


1954 നവംബർ 18-നു ദിവംഗതനായ ഖാൻ ബഹദൂർ വി.കെ. ഉണ്ണിക്കമ്മു സാഹിബ്, ഫാറൂഖ് കോളേജിൻെറ സ്ഥാപകാദ്ധ്യക്ഷനെന്ന നിലയിൽ 1948 ജൂൺ 12 മുതൽ മരണം വരെ തൻെറ സേവനങ്ങളർപ്പിച്ചിട്ടുണ്ട്. കല്ലടി മൊയ്തീൻകുട്ടി സാഹിബിൻെറ പുത്രനായി ജനിച്ച ഉണ്ണിക്കമ്മു സാഹിബ് ഒരു ചെറിയ മരക്കച്ചവടവുമായാണ് ജീവിതം ആരംഭിച്ചത്. എന്നാൽ സ്ഥിരപരിശ്രമത്തിലൂടെ അദ്ദേഹം കേരളത്തിലെ ഒരു വ്യവസായപ്രമുഖനായി ഉയർന്നു. വ്യവസായരംഗത്തെന്നപോലെ സാമൂഹ്യരംഗത്തും അദ്ദേഹം പല തുറകളിലും പ്രവർത്തിച്ചു. മലബാർലഹളയുടെ അവസാനത്തിൽ കണ്ടമാനം ശിക്ഷാനടപടികൾക്ക് വിധേയരായിരുന്ന സഹോദരന്മാരുടെ ദുരിതാശ്വാസത്തിന് വേണ്ടി സ്ഥാപിക്കപ്പെട്ട മാപ്പിള അമിലിയോറേഷൻ കമ്മിറ്റിയിലും, 1924-ൽ ഉണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്ന് രൂപംകൊണ്ട ദുരിതനിവാരണ പ്രവർത്തനങ്ങളിലും, കേരള മുസ്ലിം മജ്ലീസ്, മലബാർ മുസ്ലിം ലീഗ് എന്നീ രാഷ്ട്രീയ സംഘടനകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 1936-ൽ മദിരാശി അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തൻെറ പൊതുപ്രവർത്തനങ്ങളെ മാനിച്ച് ബ്രിട്ടീഷ് ഗവർമ്മെണ്ട് അദ്ദേഹത്തെ 'ഖാൻ ബഹദൂർ' സ്ഥാനം നല്കി ആദരിച്ചു. പാലക്കാട് മുൻസിപ്പാലിറ്റിയിലെ ഒരംഗമായും 1942-'47 കാലത്ത് മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടായും അദ്ദേഹം സ്തുത്യർഹമായ സേവനങ്ങൾ അർപ്പിച്ചിട്ടുണ്ട്. മലപ്പുറം ഹൈസ്കൂളിനും അറബിക്കോളേജുകൾക്കും ഉദാരമായ സംഭാവനകൾ നല്കിയിരുന്ന അദ്ദേഹം ഫാറൂഖ് കോളേജിൻെറ സ്ഥാപനത്തിനായി ഒരു വലിയ തുക സംഭാവന നല്കിക്കൊണ്ട് കോളേജിൻെറ പ്രവർത്തകർക്ക് പ്രചോദനവും പ്രോത്സാഹനവും പകർന്നുകൊടുത്തു. കൂടാതെ തൻെറ പിതാവിൻെറ സ്മരണയ്ക്കായി 'കല്ലടി ബ്ലോക്കും' തുകയായും സാധനങ്ങളായും മറ്റു പല സംഭാവനകളും അദ്ദേഹം കോളേജിനു നല്കുകയുണ്ടായി. ഉത്തമനായ ഒരു സമുദായസ്നേഹി, ഉദാരനായ ഒരു വിദ്യാഭ്യാസപ്രേമി, സമർത്ഥനായ ഒരു വ്യവസായി, അസാധാരണ കഴിവുകളുള്ള ഒരു പൊതുപ്രവർത്തകൻ എന്നീ നിലകളിൽ അദ്ദേഹം പ്രശംസനീയനാണ്.

### ഡോക്ടർ അബ്ദുൽഹഖ് സാഹിബ്


മദിരാശി ആർട്സ് കോളേജ്, മദിരാശി പ്രസിഡൻസി കോളേജ് എന്നിവിടങ്ങളിൽ പ്രിൻസിപ്പലായും, മദിരാശി വിദ്യാഭ്യാസ ഡയറക്ടർ, സർവ്വീസ് കമ്മീഷൻ മെംബർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ച അഫ്ഇൽ ഉലമാ ഡോക്ടർ എം. അബ്ദുൽ ഹഖ് സാഹിബ് എം.എ., പി.എച്.ഡി., ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മിറ്റിയിൽ മദിരാശി യൂനിവേഴ്സിറ്റി നോമിനേറ്റ് ചെയ്ത അംഗമായിരുന്നു. ഒരു തികഞ്ഞ വിദ്യാഭ്യാസ വിചക്ഷണനായിരുന്ന അദ്ദേഹം അറബിഭാഷയിലും മതകാര്യങ്ങളിലും അഗാധ പാണ്ഡിത്യം നേടിയിരുന്നു. മദിരാശി യൂനിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമായും മറ്റും സംസ്ഥാനത്തെ വിദ്യാഭ്യാസകാര്യങ്ങളിൽ അദ്ദേഹം സുപ്രധാന പങ്കു വഹിച്ചു. കേരളത്തിൽ മുസ്ലിംകളുടെതായി ഒരു കോളേജ് സ്ഥാപിക്കാൻ ഫാറൂഖ് കോളേജിൻെറ സ്ഥാപകനേതാക്കൾക്ക് പ്രോത്സാഹനം നൽകിയതിനു പുറമെ, കോളേജിൻെറ സ്ഥാപനത്തിനും നിലനില്പിനും വേണ്ടി യൂനിവേഴ്സിറ്റി തലത്തിലും ഗവർമ്മെണ്ടിലും അദ്ദേഹം വേണ്ടത് പ്രവർത്തിച്ചു. കൂടാതെ ഫറൂക്കിൽ വന്നും അദ്ദേഹം കോളേജിൻെറ കാര്യങ്ങളിൽ ഏർപ്പെട്ടിരുന്നു.

### കെ.യം. സീതിസാഹിബ്

1961 ഏപ്രിൽ 17-ന് അന്തരിച്ച ജനാബ് കെ.യം. സീതിസാഹിബ് ഫാറൂഖ് കോളേജിന് ഒരിക്കലും മറക്കാനാവാത്ത ഒരു മഹാനാണ്. കൊടുങ്ങല്ലൂരിലെ ഒരു പ്രമുഖ കുടുംബത്തിൽ ധനാഢ്യരും മതഭക്തരുമായ മാതാപിതാക്കൾക്ക് ജനിച്ച അദ്ദേഹം നിയമബിരുദം കരസ്ഥമാക്കി. ഗവർമ്മെണ്ട് നല്കിയ ഉദ്യോഗമെല്ലാം നിരസിച്ച് അദ്ദേഹം സമുദായസേവനത്തിനിറങ്ങി. വിദ്യാഭ്യാസത്തിൽ പിന്നോക്കമായ മുസ്ലിം സമുദായത്തിലെ അംഗമെന്ന നിലയ്ക്ക്, 1921-ൽ വിദ്യാഭ്യാസ വകുപ്പിൽ ഒരു ഉന്നത ഉദ്യോഗം സ്വീകരിക്കാനുള്ള കൊച്ചി ദിവാൻെറ ക്ഷണം അദ്ദേഹം നിരസിച്ചു. മദിരാശി മന്ത്രിസഭയിൽ ഒരംഗമായിരി ൻ ശ്രീ. രാജഗോപാലാചാരി ക്ഷണി







ച്ചപ്പോൾ അദ്ദേഹത്തിൻെറ പ്രതികരണം ഇങ്ങനെയായിരുന്നു. 'എൻെറ വ്യക്തിപരമായ നേട്ടം ഞാൻ കണക്കാക്കുന്നില്ല. ഞാൻ ഒരു മന്ത്രിയാകുന്നതുകൊണ്ട് സമുദായത്തിനെന്ത് നേട്ടമുണ്ടാവുമെന്നെനിക്കറിയണം.' ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതുവരെയും തുടർന്നും മുസ്ലിംലീഗ് നേതൃത്വത്തിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ ഭരണരംഗത്ത് തൻെറ വ്യക്തിമുദ്ര പതിപ്പിച്ച സീതിസാഹിബ് മുസ്ലിംകളുടെ വിദ്യാഭ്യാസ പുരോഗതിക്ക് നിർണ്ണായകമായ പല സേവനങ്ങളും അർപ്പിച്ചിട്ടുണ്ട്. കേരള മുസ്ലിംകൾക്ക് ഒരു കോളേജ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ മുസ്ലിം ഐക്യസംഘം രൂപീകരിച്ച കേരള മുസ്ലിം കോളേജ് കമ്മിറ്റിയിൽ സീതി സാഹിബും മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജിയും പ്രമുഖ അംഗങ്ങളായിരുന്നു. 1947-ൽ ഫാറൂഖ് കോളേജ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങളുടെ മുൻനിരയിൽ സീതിസാഹിബ് സ്ഥലംപിടിച്ചിരുന്നു. ഒരു ഫസ്റ്റ്ഗ്രേഡ് കോളേജു സ്ഥാപിക്കാൻ അന്ന് 15 ലക്ഷം ഉറുപ്പിക ആവശ്യമായിരുന്നു. ഇത്രയും സംഖ്യ പിരിച്ചുണ്ടാക്കുന്നതിൽ സീതിസാഹിബ് വഹിച്ച പങ്ക് നിസ്തുലമാണ്. സ്വന്തം പിതാവ് 'ലജ്നത്തുൽ ഹമദാനിയ സംഘ'ത്തിനു സംഭാവന കൊടുത്തിരുന്ന സ്വത്ത് അദ്ദേഹം ഫാറൂഖ് കോളേജിന് നല്കി. 1947-ൽ കോളേജിൻെറ ഭരണസമിതി രൂപീകരിച്ചതു മുതൽ മരണംവരെ അതിൻെറ സിക്രട്ടറിയായിരുന്ന സീതിസാഹിബിൻെറ സ്ഥിരോത്സാഹവും ശുഭാപ്തിവിശ്വാസവും ദീർഘദൃഷ്ടിയും കോളേജിൻെറ സ്ഥാപനത്തിനെന്നപോലെ പുരോഗതിക്കും വിലമതിക്കാനാവാത്ത മുതൽക്കൂട്ടായിരുന്നു. കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലും, മദിരാശി ലെജിസ്ലേറ്റീവ് കൗൺസിലിലും അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. കേരള ലെജിസ്ലേറ്റീവ് അസംബ്ലി സ്പീക്കർ എന്ന നിലയിൽ തികച്ചും ശ്ലാഘനീയമായ സേവനങ്ങളർപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഒരഭിഭാഷകൻ, രാജ്യതന്ത്രജ്ഞൻ, രാഷ്ട്രീയപ്രവർത്തകൻ, സമുദായോദ്ധാരകൻ, സാമൂഹ്യപരിഷ്കർത്താവ്, എഴുത്തുകാരൻ, വിദ്യാഭ്യാസപ്രവർത്തകൻ എന്നീ നിലകളെക്കാൾ ഉപരിയായി മാനുഷികമൂല്യങ്ങൾക്ക് വിലകല്പിക്കുകയും, മനുഷ്യത്വത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത മഹാനായൊരു മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം.

### പി.ഐ. കുഞ്ഞഹമ്മദ്കുട്ടി ഹാജി

1968 ഏപ്രിൽ 3-ന് തൻെറ 57-ാം വയസ്സിൽ നിര്യാതനായ ജ: പി.ഐ. കുഞ്ഞഹമ്മദ്കുട്ടി ഹാജി 1947-ൽ ഫാറൂഖ് കോളേജ് കമ്മറ്റി രൂപീകരിച്ചത് മുതൽ 1961 വരെ അതിൻെറ ജോയൻറ് സിക്രട്ടറിയും തുടർന്നു മരണംവരെ കമ്മറ്റിയുടെ സിക്രട്ടറിയുമായിരുന്നു. കർമ്മധീരത, സ്വഭാവമഹിമ, തത്വദീക്ഷ എന്നീ സൽഗുണങ്ങളുടെ മൂർത്തിഭാവമായിരുന്ന അദ്ദേഹത്തിൻെറ സാന്നിദ്ധ്യം കോളേജിൻെറ വളർച്ചയിൽ വർണ്ണനാതീതമായ സ്വാധീനം ചെലുത്തി. കച്ചവടത്തിലെന്നപോലെ മറ്റു ജീവിതമണ്ഡലങ്ങളിലും സത്യസന്ധതയ്ക്ക് പേരുകേട്ട പി.ഐ. കുഞ്ഞഹമ്മദ്കുട്ടി ഹാജി തികഞ്ഞ മതഭക്തനും ആദർശവാദിയും പ്രായോഗികജീവിതത്തിൽ മാതൃകാപുരുഷനുമായിരുന്നു. താൻ ഉത്തരവാദിത്വം വഹിക്കുന്ന ഏതു മണ്ഡലത്തിലും പരിപൂർണ്ണ അച്ചടക്കം പുലർത്തുകയും, അതോടൊപ്പം അങ്ങേ അറ്റത്തെ മനുഷ്യസ്നേഹവും വിട്ടുവീഴ്ചാമനോഭാവവും കൈക്കൊള്ളുകയും ചെയ്തിരുന്നു അദ്ദേഹം. ഫാറൂഖ് കോളേജിൻെറ വളർച്ചയ്ക്ക് അദ്ദേഹത്തിൻെറ സ്വഭാവമാഹാത്മ്യവും മനക്കരുത്തും ത്യാഗബുദ്ധിയും വലിയ മുതൽക്കൂട്ടായി പ്രവർത്തിച്ചു. തൻെറ വകയായി കോളേജിന് ഒരു ബ്ലോക്ക് സംഭാവനചെയ്തത് അദ്ദേഹത്തിൻെറ മറ്റു സംഭാവനകളെ അപേക്ഷിച്ച് നിസ്സാരമാണ്. 1929-ൽ വ്യാപാരത്തിൽ പ്രവേശിച്ച അദ്ദേഹം 1930 മുതൽ '37 വരെ കോഴിക്കോട് മുൻസിപ്പൽ കൗൺസിൽ അംഗമായിരുന്നു. 1936-ൽ കക്ഷിരഹിതനായി മദിരാശി അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കോഴിക്കോട് എം.എം. ഹൈസ്കൂളിൻെറ കറസ്പോണ്ടൻറും എം.ഇ.എസ്., റോട്ടറി ക്ലബ്ബ് എന്നീ സാംസ്കാരികസംഘടനകളിൽ അംഗവുമായിരുന്ന അദ്ദേഹം മലബാർ ചേംബർ ഓഫ് കോമേഴ്സിൻെറ എക്സിക്യൂട്ടീവ് മെംബർ, കാലിക്കറ്റ് ടിമ്പർ അസോസിയേഷൻ പാട്രൺ, മിൽ ഓണേർസ് അസോസിയേഷൻ മെംബർ എന്നിങ്ങനെ പല സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിരുന്നു. ഒരു ഉരുക്കുമനുഷ്യനായിരുന്ന പി.ഐ. കുഞ്ഞഹമ്മദുകുട്ടി ഹാജി താൻ പ്രവർത്തിച്ച എല്ലാ രംഗങ്ങളിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.




### അബുസ്സബാഹ് അമ്മദലി സാഹിബ്

1971 സെപ്റ്റംബർ 10-ന് നിര്യാതനായ മൗലാനാ അബുസ്സബാഹ് അഹമ്മദലി സാഹിബിൻെറ കർമ്മശേഷിയുടെയും പരിഷ്കരണപ്രവർത്തനങ്ങളുടെയും പ്രതീകമാണ് ഈ കോളേജ് കുന്നിൻപുറത്തിന് 40 കൊല്ലക്കാലംകൊണ്ടുവന്ന പരിണാമം. ചാവക്കാടിനടുത്തുള്ള വെമ്പേനാട്ട് ഒരു സാധാരണ കുടുംബത്തിൽ ജനിച്ച അദ്ദേഹം ജന്മനാടിൻെറ പാരമ്പര്യത്തിൽനിന്നും വ്യതിചലിച്ച്, വെല്ലൂർ വഴി മദിരാശിയിലും തുടർന്ന് ലോകപ്രസിദ്ധമായ അൽ-അസ്ഹർ സർവ്വകലാശാലയിലും വിദ്യാഭ്യാസം നേടി. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിനെതിരായി ധീരയുക്തം പോരാടിയിരുന്ന മൗലാനാ മുഹമ്മദലി സൗദി അറേബ്യയിൽ ജനകീയ ഭരണമാണ് വേണ്ടതെന്നഭിപ്രായപ്പെട്ടതിനെ വിമർശിച്ചു പ്രസിദ്ധ പണ്ഡിതനായിരുന്ന 'റശീദ്റിളാ' ഒരു ലേഖനമെഴുതിയപ്പോൾ, അന്ന് അൽ-അസ്ഹറിൽ പഠിച്ചുകൊണ്ടിരുന്ന മൗലവി സാഹിബ് റശീദ്റിളായുടെ ബ്രിട്ടീഷനുകൂല നിലപാടിനെ വിമർശിച്ചുകൊണ്ട് ഒരു നീണ്ട ലേഖനം പ്രസിദ്ധപ്പെടുത്തി. റിളായെപ്പോലെ ഒരു പ്രസിദ്ധ പണ്ഡിതനെ ഒരു ശരാശരി അൽ-അസ്ഹർ വിദ്യാർത്ഥി എതിർക്കുന്നതു ചരിത്രത്തിൽ ഇതാദ്യമായിരുന്നു. പിന്നീട് ഇന്ത്യയിലേക്കുമടങ്ങിയ മൗലവി സാഹിബ് മൗലാനാ മുഹമ്മദലി, മഹാത്മാഗാന്ധി, മൗലാനാ ആസാദ് മുതലായവരൊടൊത്ത് ജീവിച്ചശേഷം എന്തോ വിരക്തി കാരണം വനാന്തരങ്ങളിലേക്ക് നീങ്ങുകയും ഒരു ഗുഹയിൽ ഏകാന്തവാസം നയിക്കുകയുമുണ്ടായി. ഈയിടയ്ക്കാണ് അദ്ദേഹം മലബാറിലേക്കാനയിക്കപ്പെട്ടത്. 1942 ജനുവരി 5-ന് അദ്ദേഹം ആനക്കയത്ത് ഒരു അറബിക്കോളേജ് ആരംഭിക്കുകയും 1944-ൽ അത് വിപുലീകരണോദ്ദേശത്തോടെ മഞ്ചേരിയിലേക്ക് മാറ്റുകയും, തുടർന്ന് 1948-ൽ റൗസത്തുൽ ഉലൂം അറബിക്കോളേജ് എന്ന പേരിൽ ഫറോക്കിൽ സ്ഥാപിക്കുകയും ചെയ്തു. ചാവക്കാട്ടെ ജനാബ് അബ്ദുൽ കാദിർ ഹാജി അന്നു നല്കിയ 10,000 ക.യുമായി കോളേജിനുവേണ്ടി ഫറൂക്കിൽ കെട്ടിടം പണി പുരോഗമിക്കുമ്പോഴാണ്, ഒരു ഒന്നാംഗ്രേഡ് കോളേജ് ആരംഭിക്കുവാനുള്ള സംരംഭം തുടങ്ങിയതും മൗലാനാ സാഹിബ് അദ്ധ്യക്ഷനായുള്ള റൗസത്തുൽ ഉലൂം അസോസിയേഷൻ മദിരാശി സർവ്വകലാശാലയ്ക്ക് അപേക്ഷ നൽകിയതും. സർവ്വകലാശാലയുടെ അംഗീകാരത്തിന് കോളേജിന് സ്വന്തം കെട്ടിടം വേണമെന്നു വന്നപ്പോൾ, അറബി കോളേജിന് പണിതുവന്നിരുന്ന കെട്ടിടം അദ്ദേഹം ഫാറൂഖ് കോളേജിന് വിട്ടുകൊടുക്കുകയും, അറബി കോളേജ് ഒരു ഷെഡ്ഡിലേക്ക് മാറ്റുകയും ചെയ്തു. പണമില്ലെങ്കിലും, ശാരീരികമായ എന്തു കഴിവുകേടുകളുണ്ടെങ്കിലും, അന്തസ്സോടെ, ആത്മാഭിമാനത്തോടെ ജീവിക്കുകയും ഉന്നതങ്ങളായ ആശയാഭിലാഷങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്ത ഒരത്ഭുതവ്യക്തിയായിരുന്നു മൗലവി സാഹിബ്. കർമ്മധീരനായ അദ്ദേഹത്തിന് ഏത് പദ്ധതി നടപ്പാക്കാനും, ഏത് ആശയം പ്രാവർത്തികമാക്കാനും സാധിച്ചിരുന്നു. പ്രഗൽഭനായ ഒരു പണ്ഡിതനും കൂടിയായിരുന്ന അദ്ദേഹത്തിന് പുരാതനവും ആധുനികവുമായ ചിന്തകൾ ഒരുപോലെ ഉൾക്കൊള്ളാനും തമ്മിലടുക്കാത്ത വിവിധമതപക്ഷപാതികളുമായി സമഭാവത്തിൽ വർത്തിക്കാനും കഴിഞ്ഞിരുന്നു. ഫാറൂഖാബാദിലെ സ്ഥാപനങ്ങൾ കൈവരിച്ച സാംസ്കാരിക വിപ്ലവത്തിൽ മൗലവി സാഹിബിൻെറ പങ്ക് നിസ്തുലമാണ്.

### എ.കെ. കുഞ്ഞിമായൻ ഹാജി

1972 ജനുവരി 31-ന് തൻെറ 87-ാമത്തെ വയസ്സിൽ നിര്യാതനായ ജ: എ.കെ. കുഞ്ഞിമായൻ ഹാജി 1954 മുതൽ ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മറ്റി പ്രസിഡണ്ടായിരുന്നു. കോളേജിൻെറ ആരംഭം മുതൽ അതിൻെറ കാര്യത്തിൽ അതീവതാല്പര്യം കാണിച്ചിരുന്ന അദ്ദേഹം, പില്ക്കാലത്ത് തൻെറ മുഴുശ്രദ്ധയും കോളേജിൽ കേന്ദ്രീകരിക്കുകയുണ്ടായി. ഏറ്റവും ഉന്നത നിലവാരം പുലർത്തുന്ന ഒരു സ്ഥാപനമാക്കിത്തീർക്കണം ഫാറൂഖ് കോളേജ് എന്നതായിരുന്നു അദ്ദേത്തിൻെറ ആഗ്രഹം. പലരെയും വിദ്യാഭ്യാസത്തിന് ഉദാരമായി സഹായിച്ചിട്ടുള്ള അദ്ദേഹം, സമർത്ഥരും എന്നാൽ സാമ്പത്തികശേഷി ഇല്ലാത്തവരുമായ വിദ്യാർത്ഥികൾക്കായി തൻെറ സ്വന്തം ചിലവിൽ കോളേജിന് ഒരു ഹോസ്റ്റൽ പണിയിച്ചുകൊടുത്തു. അതാണ് നമ്മുടെ 'പ്രസിഡണ്ട്സ്' ഹോസ്റ്റൽ. കോളേജിൻെറ സ്ഥാപനത്തിനുവേണ്ടി നൽകിയ ഉദാരമായ സംഭാവനകൾക്കു പുറമേ അതി





ൻെറ സുസ്ഥിരതക്ക് വേണ്ടി 50,000 ക. വിലവരുന്ന ഷെയറുകളും മറ്റു സംഭാവനകളും അദ്ദേഹം നല്കുകയുണ്ടായി. കൂർമ്മബുദ്ധിയും കർമ്മനിരതനും പരിചയസമ്പന്നനുമായ അദ്ദേഹത്തിൻെറ നേതൃത്വം കോളേജിൻെറ ഉയർച്ചയ്ക്കും വളർച്ചയ്ക്കും വളരെയേറെ സഹായകമായിട്ടുണ്ട്. 'ടിംബർകിങ്' എന്നറിയപ്പെട്ടിരുന്ന ഹാജി സാഹിബ് വ്യവസായരംഗത്തും സാമൂഹ്യരംഗത്തും ഒരുപോലെ വ്യക്തിമുദ്രപതിപ്പിച്ചു. ചന്ദ്രിക പത്രത്തിൻെറ ഉടമയായ മുസ്ലിം പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ, വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സ്, ആയിശാ ഹോസിയറി, ഡീലക്സ് നിറ്റിംഗ്, വെസ്റ്റേൺ ഇന്ത്യാ കോട്ടൺസ്, കോഹിന്നൂർ സോമിൽസ് തുടങ്ങിയ വൻകിട സ്ഥാപനങ്ങളുടെ ഡയറക്ടർ എന്നീ നിലകളിൽ അദ്ദേഹം വമ്പിച്ച സേവനങ്ങളർപ്പിച്ചിട്ടുണ്ട്. കേരള മുസ്ലിംകളിൽ വ്യവസായ മനോഭാവം വളർത്തിയതും, ഇംഗ്ലീഷുകാരുടെ കുത്തകയായിരുന്ന പ്ലാൻേറഷൻ നാട്ടുകാരിലേക്ക് വ്യാപിപ്പിച്ചതും അദ്ദേഹമായിരുന്നു. നിസ്സഹകരണം ഖിലാഫത്ത് പ്രസ്ഥാനം എന്നിവയിൽ സജീവമായി പ്രവർത്തിച്ച അദ്ദേഹം 1931-ൽ കേരള മുസ്ലിം മജ്‌ലിസ് സ്ഥാപിതമായപ്പോൾ അതിൻെറ വളണ്ടിയർ സംഘടനയുടെ നേതൃത്വം ഏറ്റെടുത്തു. 'അൽ-അമീൻ' പത്രം ബ്രിട്ടീഷു ഗവർമ്മെണ്ട് കണ്ടുകെട്ടിയപ്പോൾ 'ചന്ദ്രിക' പത്രം തുടങ്ങിയതിൻെറ മുൻപന്തിയിൽ ഹാജി സാഹിബായിരുന്നു. തികഞ്ഞ ശുഭാപ്തിവിശ്വാസിയും, ഊർജസ്വലനും സ്ഥിരോൽസാഹിയുമായിരുന്നു അദ്ദേഹം. ഫാറൂഖ് കോളേജിൻെറ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിയാണ് എ.കെ. കുഞ്ഞിമായൻ ഹാജി.


## യം.വി. ഹൈദ്രോസ് സാഹിബ്

1972 ജൂലായ് 5-ന് തൻെറ 63-ാം വയസ്സിൽ മരിച്ച ഗുരുവായൂർ സ്വദേശി ജ: യം.വി. ഹൈദ്രോസ് സാഹിബ് കോഴിക്കോട് അഡ്വക്കേറ്റായി ജീവിതം ആരംഭിക്കുകയും അവിടത്തന്നെ സ്ഥിരതാമസമാക്കുകയുമാണുണ്ടായത്. മൗലവി അബുസ്സബാഹ് അഹമ്മദലി സാഹിബ് ആനക്കയത്ത് അറബിക്കോളേജ് തുടങ്ങിയപ്പോൾ അദ്ദേഹവുമായി ബന്ധപ്പെടുകയും, അത് ഒരു പൊതുസ്ഥാപനമായി ഉയർത്താനും, പിന്നീട് ഫാറൂഖ് കോളേജ് സ്ഥാപിക്കാനുമുള്ള പ്രവർത്തനങ്ങളുടെ മുൻപന്തിയിൽ നിലകൊള്ളുകയും ചെയ്തു. ഫാറൂഖാബാദിലെ സ്ഥാപനങ്ങൾക്കെല്ലാം ജന്മം നല്കിയ റൗസത്തുൽ ഉലൂം അസോസിയേഷൻെറ സ്ഥാപക സിക്രട്ടറിയായിരുന്ന അദ്ദേഹം, മരണം വരെ ആ പദവി അലങ്കരിച്ചിരുന്നു. ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മറ്റി ജോയൻറ് സിക്രട്ടറി, സിക്രട്ടറി എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിരുന്നു. ഫാറൂഖ് കോളേജിൻെറ ഫൈനാൻസ് കമ്മറ്റി സിക്രട്ടറിയായി പ്രവർത്തിച്ചതിനു പുറമേ, കോളേജിൻെറ ശൈശവദശയിലും പുരോഗതിയിലും അദ്ദേഹം നിരവധി ത്യാഗങ്ങൾ ചെയ്തിട്ടുണ്ട്. തൻെറ അഭിഭാഷകവൃത്തിപോലും ബലികഴിച്ചാണ് അദ്ദേഹം കോളേജ് പ്രവർത്തനങ്ങളിൽ നിരതനായത്. ഈ സ്ഥാപനത്തിൻെറ ആദ്യകാലത്ത് അതിന് വേണ്ടി ഊണും ഉറക്കവും ഇല്ലാതെ അദ്ധ്വാനിച്ച ചിലരിൽ പ്രമുഖസ്ഥാനമാണ് ഹൈദ്രോസ് വക്കീലിനുള്ളത്. 1933-ൽ അഭിഭാഷകജോലിയിൽ പ്രവേശിച്ച അദ്ദേഹം 1942-'45 കാലത്ത് കാലിക്കറ്റ് മുൻസിപ്പൽ കൗൺസിൽ അംഗമായിരുന്നു. 1947-ൽ അദ്ദേഹം മദിരാശി അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പിന്നീടുള്ള തൻെറ ജീവിതം ഫാറൂക്കിലെ വിദ്യാഭ്യാസ സംരംഭങ്ങളിലാണ് അദ്ദേഹം കേന്ദ്രീകരിച്ചത്. ഈ കുന്നിൻമുകളിലെ സ്ഥാപനങ്ങളുടെ ഉപജ്ഞാതാക്കളിൽ പ്രമുഖനായ ഹൈദ്രോസ് സാഹിബ് ഫാറൂഖാബാദിൻെറ , ചരിത്രത്തിലെ ഒരു പ്രധാന അദ്ധ്യായം തന്നെയാണ്.

## പി.ഐ. അഹമ്മദ്കോയ സാഹിബ്

1972 ഡിസംബർ 12-ന് നിര്യാതനായ ഹാജി പി.ഐ. അഹമ്മദ്കോയ സാഹിബ് ഫാറൂഖ് കോളേജിന് തണലേകിയ പ്രമുഖ വ്യക്തികളിൽ ഒരാളാണ്. കോഴിക്കോട്ടെ സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖ വ്യാപാരിയും സമുദായസ്നേഹിയും മതഭക്തനുമായിരുന്ന അദ്ദേഹം ഫാറൂഖ് ട്രെയിനിംഗ് കോളേജ് കമ്മറ്റിയുടെ സ്ഥാപക വൈസ് പ്രസിഡണ്ടായിരുന്നു. മരിക്കുമ്പോൾ കോഴിക്കോട്ടെ മദ്രസ്സത്തുൽ മുഹമ്മദിയ്യ ഹൈസ്കൂളിൻെറ മാ





നേജിംഗ് കമ്മറ്റി പ്രസിഡണ്ടായിരുന്ന അദ്ദേഹം മദ്രസ്സത്തുൽ മുഹമ്മദിയ, ഫാറൂഖ് കോളേജ്, ഫാറൂഖ് ട്രെയിനിംഗ് കോളേജ്, ജെ.ഡി.റ്റി. യത്തീംഖാന എന്നീ സ്ഥാപനങ്ങൾക്ക് വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ട്. കോഴിക്കോട് റോട്ടറിക്ലബ്ബ്, കോസ്മോപോളിറ്റൻ ക്ലബ്ബ് എന്നിവയിലെ അംഗവും നെടുങ്ങാടി ബേങ്ക്, കാലിക്കറ്റ് യുണൈറ്റഡ് പബ്ലിഷേർസ് എന്നിവയിൽ ഡയറക്ടർ സ്ഥാനവും അദ്ദേഹം അലങ്കരിച്ചു. കൂടാതെ മലബാറിലെ വാണിജ്യരംഗത്തും കയറ്റിറക്കുമതി രംഗത്തും അദ്ദേഹം പ്രമുഖസ്ഥാനം വഹിച്ചിട്ടുണ്ട്.

### സി.പി.കുഞ്ഞഹമ്മദ് സാഹിബ്


1973 ഫിബ്രവരി 14-ന് നിര്യാതനായ ജ: സി.പി. കുഞ്ഞഹമ്മദ് സാഹിബ്, പൊതുകാര്യപ്രസക്തൻ, സാമൂഹ്യസേവകൻ, വിദ്യാഭ്യാസ തല്പരൻ, വ്യാപാരപ്രമുഖൻ എന്നീ നിലകളിൽ പ്രസിദ്ധനായിരുന്നു. ഫാറൂഖ് ട്രെയിനിംഗ് കോളേജ് കമ്മറ്റിമെംബറും 1969-'72 കാലത്ത് അതിൻെറ സിക്രട്ടറിയും ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മറ്റി അംഗവുമായിരുന്ന അദ്ദേഹം, മദ്രസ്സത്തുൽ മുഹമ്മദിയ ഹൈസ്കൂൾ, കാലിക്കറ്റ് ഗേൾസ് ഹൈസ്കൂൾ എന്നിവയുടെ സിക്രട്ടറി-കറസ്പോണ്ടൻറും ജെ.ഡി.റ്റി. ഇസ്ലാം അനാഥാശാല കമ്മറ്റിയുടെ ഖജാൻജിയും പുവർഹോംസ് സൊസൈറ്റിയുടെ വൈസ് പ്രസിഡണ്ടുമായിരുന്നു. കൂടാതെ റോട്ടറി ക്ലബ്ബ്, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പർ ആൻറ് ഇൻഡസ്ട്രീസ്, എ.ഐ.ആർ. ഉപദേശക സമിതി എന്നിവയിലെ അംഗവും മർച്ചൻറ്സ് ക്ലബ്ബ്, റബ്ബർ ഡീലേർസ് അസോസിയേഷൻ എന്നിവയുടെ പ്രസിഡണ്ടുമായിരുന്നു അദ്ദേഹം. വ്യവസായരംഗത്തും വിദ്യാഭ്യാസരംഗത്തുമെന്നപോലെ മറ്റു സാമൂഹ്യമണ്ഡലങ്ങളിലും വിലപ്പെട്ട സേവനങ്ങളർപ്പിച്ച ഒരു മഹാനായിരുന്നു കുഞ്ഞഹമ്മദ് സാഹിബ്.


### കെ. അവറാൻകുട്ടി ഹാജി


1974 ജനുവരി 9-ന് തൻെറ 68-ാം വയസ്സിൽ നിര്യാതനായ ജ: കെ. അവറാൻകുട്ടി ഹാജി ഫാറൂഖാബാദിൻെറ സ്ഥാപക നേതാക്കളിൽ പ്രമുഖനായിരുന്നു. ഫാറൂഖ് കോളേജ്, ഫാറൂഖ് ട്രെയിനിംഗ് കോളേജ്, ഫാറൂഖ് ഹൈസ്കൂൾ എന്നീ സ്ഥാപനങ്ങളുടെയെല്ലാം മാനേജിംഗ് കമ്മറ്റിയിൽ അംഗമായിരുന്ന അദ്ദേഹം ഫാറൂഖ് കോളേജിൻെറ ബാലാരിഷ്ടതകൾ തരണംചെയ്യാൻ സധൈര്യം മുൻപന്തിയിൽനിന്ന് ത്യാഗംവരിച്ച ഫറൂക്കിലെ നാലു പ്രമുഖരിൽ ഒരാളായി അറിയപ്പെടുന്നു. ആദ്യകാലത്തെ പണക്കുറവ് കാരണം, കോളേജ് കെട്ടിടത്തിൻെറ പണി മുടങ്ങിപ്പോവാതിരിക്കാൻ ആവശ്യമായ മരം നല്കിക്കൊണ്ടിരുന്ന അവറാൻകുട്ടി ഹാജി, തൻെറ വക ഒരു ബ്ലോക്കും മറ്റു പല വിലപ്പെട്ട സംഭാവനകളും കോളേജിന് നല്കിയിട്ടുണ്ട്. ഫറൂഖ് കാമ്പസ്സിൻെറ മദ്ധ്യത്തിലായി നിലകൊള്ളുന്ന വിശാലമായ 'മസ്ജിദുൽ അസ്ഹർ' പള്ളി നിർമ്മിച്ചതും അതിൻെറ നടത്തിപ്പു ചിലവുകൾ വഹിച്ചുവന്നതും അദ്ദേഹഹമായിരുന്നു. സ്ഥലക്കുറവ് പരിഹരിക്കാൻ ഒന്നിലധികം പ്രാവശ്യം പള്ളി വലുതാക്കിയിട്ടുണ്ട്. ഒരു ഇരുനില കെട്ടിടമായി ഈ പള്ളി ഉയർത്താൻ കല്ല്, സിമൻറ് മുതലായ സാമഗ്രികൾ ഒരുക്കി കഴിഞ്ഞപ്പോഴാണ് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്. റൗസത്തുൽ ഉലൂം അറബി കോളേജും, ഫാറൂഖ് ഹൈസ്കൂളും അദ്ദേഹത്തിൻെറ ഉദാരവും പിതൃതുല്യവുമായ പരിലാളനയനുഭവിച്ചുപോന്നു. അത്യുദാരനായിരുന്ന അവറാൻകുട്ടി ഹാജിയുടെ സഹായം ലഭിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ ഫറൂക്ക് പരിസരത്ത് വിരളമാണ്. തൻെറ ലളിതജീവിതവും ഔദാര്യപൂർണ്ണമായ പെരുമാറ്റവും ഏവരെയും ആകർഷിച്ചിരുന്നു. ഒരു വലിയ മരക്കച്ചവടക്കാരനായിരുന്ന അദ്ദേഹം ദാരിദ്ര്യവും കഷ്ടപ്പാടും ഒരിക്കലും വിസ്മരിച്ചിരുന്നില്ല. കഷ്ടപ്പെടുന്നവർക്ക് തൻെറ സഹായഹസ്തം സദാ സമീപസ്ഥമായിരുന്നു.

### അബ്ദുള്ളക്കുട്ടി ഹാജി

1976 സെപ്റ്റംബർ 22-ന് നിര്യാതനായ ഫറൂക്കിലെ പുളിയാളി അബ്ദുള്ളക്കുട്ടി ഹാജി, ഫാറൂഖ് കോളേജിൻെറ സ്ഥാപനത്തിൽ ഒരു നിലക്ക് പ്രഥമസ്ഥാനം വഹിക്കുന്നു. ഒരറബി കോളേജിനും, മറ്റു സ്ഥാപനങ്ങൾ







ക്കും അനുയോജ്യമായ സ്ഥലം ഫറോക്കിൽ തെരഞ്ഞുനടന്ന ഇതിൻെറ ആദ്യകാല പ്രവർത്തകർ ഈ കുന്നിൻപുറത്ത് വിജന-വിശാലമായ ഒരു കാട്ടുപ്രദേശം കണ്ടെത്തുകയും അതിൻെറ ഉടമയായിരുന്ന അബ്ദുള്ളക്കുട്ടി ഹാജിയെക്കണ്ട് അത് വിലക്കെടുക്കാൻ ആവശ്യപ്പെടുകയുമുണ്ടായി. ഉദ്ദേശലക്ഷ്യങ്ങൾ ചോദിച്ച് മനസ്സിലാക്കിയ ഹാജി സാഹിബ്, ഈ സ്ഥലം തദാവശ്യത്തിലേക്കായി ദാനം ചെയ്യുകയാണുണ്ടായത്. ഈ പ്രസ്ഥാനത്തിൻെറ പ്രവർത്തകർക്ക് ആവേശം നല്കിയ ഒരു നീക്കമായിരുന്നു അത്. ആദ്യകാലത്ത് കോളേജിന് വേണ്ടതെല്ലാം സദാ അന്വേഷിച്ചു നിർവ്വഹിച്ചുകൊടുത്തിരുന്ന ഫറൂക്കിലെ ചതുശ്ശക്തികളിൽ ഒരാളായിരുന്നു അദ്ദേഹം. കോളേജിന് ഹോസ്റ്റൽ സൗകര്യം മതിയാകാതെ വന്നപ്പോൾ അദ്ദേഹം ഒരു ഹോസ്റ്റൽ കെട്ടിടം പണിയുകയുണ്ടായി. ദിനേന ഒരു പ്രാവശ്യമെങ്കിലും ഇവിടെ വന്ന് പ്രിൻസിപ്പാളെയും, അധ്യാപകരെയും, വിദ്യാർത്ഥികളെയും കണ്ടു സംസാരിക്കുക അദ്ദേഹത്തിൻെറ പതിവായിരുന്നു.

### എസ്. ഉമ്പിച്ചിക്കോയ ഹാജി

1981 ജൂൺ 21-ന് തൻെറ 71-ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞ ജ: എസ്. ഉമ്പിച്ചിക്കോയ ഹാജി ഫാറൂഖ് കോളേജിൻെറ ആരംഭം മുതൽ അതിൻെറ ഭരണസമിതിയിലും മറ്റു പ്രവർത്തനങ്ങളിലും സജീവ പങ്കു വഹിച്ചിരുന്നു. 1948 മുതൽ കോളേജ് മാനേജിംഗ് കമ്മറ്റിയിൽ അംഗമായിരുന്ന അദ്ദേഹം, ഏതാനും വർഷം അതിൻെറ ജോയൻറ് സിക്രട്ടറിയും, തുടർന്ന് ട്രഷററും ആയിരുന്നു. കോഴിക്കോട്ടെ മിക്കവാറും എല്ലാ സ്ഥാപനങ്ങളിലും, സംഘടനകളിലും, നല്ല പ്രവർത്തനങ്ങൾക്ക് സൗകര്യപ്പെടുന്നിടത്തോളം അദ്ദേഹം പ്രവർത്തിച്ചുപോന്നിരുന്നു. ഫാറൂഖ് കോളേജിൻെറയും സഹോദരസ്ഥാപനങ്ങളുടെയും കാര്യത്തിൽ അദ്ദേഹം സദാ ബദ്ധശ്രദ്ധനായിരുന്നു. ആസന്നമരണനായി നഴ്സിംഗ്ഹോമിൽ കിടക്കുമ്പോൾ തൻെറ പക്കലുണ്ടായിരുന്ന സംഖ്യയിൽനിന്ന് 1000 ക. ഫാറൂഖ് കോളേജിൻെറ ബിൽഡിംഗ് ഫണ്ടിലേക്ക് അദ്ദേഹം കൊടുക്കുകയുണ്ടായി. ഫാറൂഖ് കോളേജിനും, സഹോദരസ്ഥാപനങ്ങൾക്കും വേണ്ടി പ്രവർത്തിച്ചിരുന്നതെല്ലാം അല്ലാഹുവിൻെറ പ്രതിഫലം ലഭിക്കുമെന്ന ഉത്തമവിശ്വാസത്തോടെയായിരുന്നു എന്നാണ് തികഞ്ഞ മതഭക്തിയും മതനിഷ്ഠയുമുണ്ടായിരുന്ന ആ മഹാനുഭാവൻെറ ഈ ദാനം സൂചിപ്പിക്കുന്നത്. കോഴിക്കോട് ഹിമായത്തുൽ ഇസ്ലാം സ്ക്കൂൾ, എം.എം. ഹൈസ്ക്കൂൾ, ഗേൾസ് സ്ക്കൂൾ, ജെ.ഡി.റ്റി., പുവർ ഹോം, സി.എം.എ മുതലായ സ്ഥാപനങ്ങൾക്കു വേണ്ടി അദ്ദേഹം നടത്തിയിരുന്ന പ്രവർത്തനങ്ങളുടെയും പ്രചോദനം മറ്റൊന്നാകാൻ തരമില്ല. ആദർശനിഷ്ഠയുള്ള സാരഥികളിലൊരാളെയാണ് അദ്ദേഹത്തിൻെറ വിയോഗം മൂലം കോളേജിന് നഷ്ടപ്പെട്ടത്.

### വി. ഹസ്സൻ ഹാജി

1984 ജൂൺ 29-ന് തൻെറ 87-ാം വയസ്സിൽ നിര്യാതനായ ഫറോക്കിലെ ജ: വി. ഹസ്സൻ ഹാജി ഫാറൂഖ് കോളേജിൻെറ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു. 1948 തൊട്ടുള്ള ആരംഭഘട്ടത്തിൽ അദ്ദേഹം ഫാറൂഖ് കോളേജിൻെറ കാര്യത്തിൽ അതീവതല്പരനായിരുന്നു. എന്നും ഈ കുന്നിൻപുറത്ത് വന്ന് കോളേജിൻെറ ആവശ്യങ്ങൾ നേരിട്ടുമനസ്സിലാക്കി അവ നിർവ്വഹിക്കാൻ വേണ്ടതെല്ലാം ചെയ്തിരുന്ന ഫറോക്കിലെ നാലു പ്രധാനികളിൽ ഒരാളായിരുന്നു അദ്ദേഹം. പുളിയാളി അബ്ദുള്ളക്കുട്ടി ഹാജി, അവറാൻകുട്ടി ഹാജി, ഇസ്മാഈൽ സാഹിബ്, ഹസ്സൻ ഹാജി എന്നീ നാലുപ്രധാനികളിൽ അവസാനമായി ഇഹലോകവാസം വെടിഞ്ഞത് ഹസ്സനാജിയാണ്. കോളേജിൻെറ ആദ്യത്തെ ഫൈനാൻസ് കമ്മറ്റി അംഗമായിരുന്നു അദ്ദേഹം. എല്ലാകാര്യങ്ങളിലും കണിശക്കാരനായിരുന്ന ഹസ്സനാജി ആ സ്വഭാവം തൻെറ കുടുംബത്തിനും വ്യവസായത്തിനും എന്നപോലെ കോളേജ് കാര്യങ്ങൾക്കും ബാധകമാക്കിയിരുന്നു. ഈ കാമ്പസിലെ സ്ഥാപനങ്ങളുടെ കാര്യത്തിൽ അദ്ദേഹം മരണംവരെ ശ്രദ്ധപതിപ്പിച്ചിട്ടുണ്ടായിരുന്നു.





## എം.എ ശുക്കൂർ സാഹിബ്

1985 മേയ് 19-ന് 65-ാം വയസ്സിൽ മരിച്ച എം.എ. ശുക്കൂർ സാഹിബ് 1949-ലാണ് ഇസ്ലാമിക് ഹിസ്റ്ററിയിൽ ലക്ചററായി ഫാറൂഖ് കോളേജിൽ ചേർന്നത്. തുടർന്ന് പ്രൊഫസറായി കോളേജ് സർവ്വീസിൽ തുടർന്നുകൊണ്ടിരിക്കെ 1966-ൽ ഫാറൂഖ് ട്രെയിനിംഗ് കോളേജിൽ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. ഫാറൂഖ് ട്രെയിനിംഗ് കോളേജ് മാനേജിംഗ് കമ്മറ്റിയിൽ എക്സ് — ഒഫീഷ്യോ മെംബറായും അദ്ദേഹം സേവനമനുഷ്ഠിച്ചു. 1980-ൽ അദ്ദേഹം അധ്യാപക സർവ്വീസിൽ നിന്നു വിരമിച്ചു. ചരിത്രത്തിൽ — പ്രത്യേകിച്ചും ഇസ്ലാമിക് ഹിസ്റ്ററിയിൽ — അഗാധപണ്ഡിതനായിരുന്ന അദ്ദേഹം കേരളത്തിനകത്തും പുറത്തും അറിയപ്പെട്ടിരുന്ന ഒരു പ്രഗൽഭ പ്രാസംഗികനായിരുന്നു. അധ്യാപനത്തിനു പുറമേ മറ്റേത് ജോലി ഏറ്റെടുക്കേണ്ടിവന്നാലും അത് ഭംഗിയായി നിർവ്വഹിക്കുന്നതിൽ അദ്ദേഹം ശുഷ്കാന്തി കാണിച്ചിരുന്നു. പ്രൊഫ: ശുക്കൂർ സാഹിബിന്റെ ക്ലാസ്സുകൾ മാസ്മരശക്തിയുള്ളവയായിരുന്നു. വിദ്യാർഥികളുടെ പാഠ്യേതര വിഷയങ്ങളിൽ അദ്ദേഹം സജീവപങ്കുവഹിച്ചു. ലളിതജീവിതം, വിനയം, സരസസംഭാഷണം എന്നീ അമൂല്യഗുണങ്ങൾ അദ്ദേഹത്തെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയുമെന്നുവേണ്ട മറ്റുള്ളവരുടെയും പ്രിയങ്കരനായ ശുക്കൂർ സാഹിബാക്കിതീർത്തു.

## എ. അബ്ദുൽ കാദർ ഹാജി

1985 ഒക്ടോബർ 27-ന് തന്റെ 80-ാം വയസ്സിൽ നിര്യാതനായ ജ: രാജാ അബ്ദുൽ കാദർ ഹാജി (ചാവക്കാട്) ഫാറൂഖ് കോളേജിന്റെയും ഈ കാമ്പസിലെ മറ്റു സ്ഥാപനങ്ങളുടെയും ജീവനാഡിയായിരുന്നു. 1947-ൽ അദ്ദേഹം സംഭാവന ചെയ്ത 10,000 കയാണ് ഈ സ്ഥാപനങ്ങളുടെ ആദ്യത്തെ കൈമുതൽ. റൗളത്തുൽ ഉലൂം അറബി കോളേജിന്റെ പിതാവ് മൗലി അബുസ്സബാഹ് അഹമ്മദലി സാഹിബായിരുന്നെങ്കിൽ, അതിന് ഒരു മാതാവിനെപ്പോലെ തന്റെ ജീവിതകാലം മുഴുവൻ പരിരക്ഷണം നല്കിവന്നത് അബ്ദുൽ കാദർ ഹാജി സാഹിബായിരുന്നു. രാജാ ഹോസ്റ്റൽ, രാജാഗേറ്റ്, മസ്ജിദ് അസ്ഹറിന്റെ വിപുലീകരണം എന്നിവ അദ്ദേഹത്തിന്റെ സ്വന്തമായ സംഭാവനകളാണ്. ചാത്തമംഗലം റസിഡൻഷ്യൽ സ്ക്കൂൾ, ചാവക്കാട് രാജാ മെഡിക്കൽട്രസ്റ്റ് , ചാരിറ്റബിൽട്രസ്റ്റ്, രാജാഹാൾ തുടങ്ങി അദ്ദേഹത്തിന്റേതായ പല പൊതുസ്ഥാപനങ്ങളുമുണ്ട്. ശ്രീലങ്കാ, തമിഴ്നാട്, കേരള എന്നിവടങ്ങളിലായി ഇരിപത്തിയഞ്ചു പള്ളികൾ അദ്ദേഹം പണികഴിപ്പിച്ചിട്ടുണ്ട്.


റൗസത്തുൽ ഉലൂം അസോസിയേഷന്റെ പ്രസിഡണ്ട്, ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മറ്റി വൈസ് പ്രസിഡണ്ട്, അറബികോളേജ് മാനേജിംഗ് കമ്മറ്റി പ്രസിഡണ്ട് എന്നീ സ്ഥാനങ്ങൾ അദ്ദേഹം അലങ്കരിച്ചു. വിജ്ഞാനത്തിന്റെ എല്ലാശാഖകളും ഉന്നതനിലവാരത്തിൽ തന്നെ കരസ്ഥമാക്കാനുള്ള സൗകര്യങ്ങൾ ധാരാളം ഉണ്ടാക്കിക്കൊടുക്കുന്നതിനായി തന്റെ സമ്പത്തും ബുദ്ധിയും മാത്രമല്ല, ദേഹാദ്ധ്വാനവും കൂടി ഉപയോഗപ്പെടുത്തിയ മഹാനാണദ്ദേഹം. തന്റെ വ്യവസായം മുഖേന സമൂഹത്തെ സാമ്പത്തികമായും, സാംസ്കാരികമായും ഉയർത്താൻ അദ്ദേഹം ചെയ്തയത്നങ്ങളുടെ ഫലം മധ്യകേരളത്തിലും തമിഴ്നാട്ടിലും തെളിഞ്ഞുകാണാവുന്നതാണ്.

## പ്രൊഫ: എം.എം ഗനി സാഹിബ്

1987 ജനുവരി 9-ാംനു തന്റെ 79-ാം വയസ്സിൽ മൃതിയടഞ്ഞ പ്രൊഫ: എം.എം. ഗനി സാഹിബ് തിരുനൽവേലി മേലേപ്പാളയം സ്വദേശിയാണ്. തിരുവനന്തപുരത്ത് നിന്ന് ബിരുദം നേടിയ ശേഷം അദ്ദേഹം മദിരാശി ഗവർമ്മെണ്ട് സർവ്വീസിൽ ലക്ച്ചറർ, പ്രൊഫസർ എന്നീ തസ്തികകളിലും പാലക്കാട് വിക്റ്റോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് മുതൽ പല കോളേജുകളിൽ പ്രിൻസിപ്പളായും സേവനം അനുഷ്ഠിച്ചു. മധുരയിൽ ഡിവിഷനൽ ഇൻസ്പെക്റ്റർ ഓഫ് സ്ക്കൂൾസും , മദിരാശിയിൽ ഡെപ്യൂട്ടി ഡയറക്റ്റർ ഓഫ് കോളേജിയേറ്റ് എജ്യൂക്കേഷനും, ബാംഗ്ലൂരിൽ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ സ്ഥാപക ഡയറക്റ്ററായും അദ്ദേഹം ജോലി നോക്കിയിട്ടുണ്ട്. 1969-ൽ കോഴിക്കോട് സർവ്വകലാശാലയുടെ സ്ഥാപ







ക വൈസ് ചാൻസലറായി ചാർജെടുത്തു. ആറുകൊല്ലം ആ സ്ഥാനം തുടർന്നു. ഇന്നത്തെ എൻ.സി.സിയുടെ മുന്നോടിയായിരുന്ന യു.ഒ.ടി.സി.യിൽ അദ്ദേഹം കേപ്റ്റൺ പദവി അലങ്കരിച്ചിട്ടുണ്ട്. ഒരു കമ്പനിയുടെ ഓഫീസർ കമാൻറിംഗും ആയിരുന്നു. ഫാറൂഖ് കോളേജുമായി 1948 മുതല്ക്കേ ബന്ധമുണ്ടായിരുന്ന അദ്ദേഹം 1954—'57 കാലത്ത് മാനേജിംഗ് കമ്മറ്റിയിൽ മദിരാശി യൂനിവേഴ്സിറ്റിയുടെ നോമിനേറ്റഡ് അംഗമായി പ്രവർത്തിച്ചു. വിദ്യാഭ്യാസ വിചക്ഷണനും ഭരണതന്ത്രജ്ഞനുമായിരുന്ന ഗനി സാഹിബിൻെറ വ്യക്തിത്വം അത്യുന്നതമായ സൽഗുണങ്ങളുടെ മൂർത്തിമൽഭാവമായിരുന്നു. അങ്ങേ അറ്റം മാന്യനും, സൗമ്യനും, കൃപാലുവും, നീതിമാനുമായ ഒരു പട്ടാള ഉദ്യോഗസ്ഥനും, ഭരണകർത്താവും, വിദ്യാഭ്യാസ ചിന്തകനുമായിരുന്നു അദ്ദേഹം. തൻെറ തികഞ്ഞ നീതിബോധവും ഉറച്ച തത്വദീക്ഷയും, അചഞ്ചലമായ നിശ്ചയദാർഢ്യവും മഹാമനസ്കതയും സ്നേഹവും, ആർദ്രതയും, അടക്കവും ഒതുക്കവും വിനയവും, കടഞ്ഞെടുത്തു വാക്കുകൾ മാത്രം ഉപയോഗിച്ചുകൊണ്ടുള്ള സംസാരവും, നിഷ്ക്കളങ്കതയും ആത്മാർത്ഥതയും തുടിക്കുന്ന പുഞ്ചിരിയും ഏതു ഭീരുവിനെയും അലസനെയും നിരാശനെയും കോപവിഷ്ഠനെയും സമനിലയിലേക്ക് കൊണ്ടുവരാൻ പോന്നതായിരുന്നു. തൻെറ നേട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ കോഴിക്കോട് സർവ്വകലാശാല സ്ഥാപിച്ചതും പ്രൊഫ: ഗനി സാഹിബിനെ അതിൻെറ ആദ്യത്തെ വൈസ് ചാൻസലറായി നിയമിച്ചതുമാണെന്ന് വിദ്യാഭ്യാസമന്ത്രിയായിരുന്ന ജനാബ് സി.എച്ച്. മുഹമ്മദുകോയ സാഹിബ് എടുത്തുപറയാറുണ്ടായിരുന്നു.

19 പി.പി. ഹസ്സൻകോയ സാഹിബ്

1988 ഒക്ടോബർ 5-ന് തൻെറ 71-ാം വയസ്സിൽ ദിവംഗതനായ ജനാബ്. പി.പി. ഹസ്സൻകോയ സാഹിബ് ഫാറൂഖ് കോളേജിൻെറ സാരഥികളിൽ ഒരാളായിരുന്നു. 1949-ൽ കോളേജിൽ ഇൻറർമീഡിയറ്റിന് ശാസ്ത്രവിഷയങ്ങൾ ആരംഭിച്ചപ്പോൾ ലാബോറട്ടറി സൗകര്യങ്ങൾക്കായി അന്ന് 'മാഗ്നിഫസെൻറ് ബ്ലോക്ക്' എന്നറിയപ്പെട്ടിരുന്ന ഒരു ബ്ലോക്ക് അദ്ദേഹം സംഭാവനചെയ്തു. കോളേജുകമ്മറ്റിയിൽ പ്രമുഖ സ്ഥാനം വഹിക്കുകയും കോളേജിന് വേണ്ടി ധാരാളം പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടദ്ദേഹം. പഴയ തലമുറയിലെ കുബേര മുസ്‌ലിം കുടുംബത്തിൽനിന്ന് ഉന്നത ബിരുദമെടുത്ത് ഇംഗ്ലീഷിൽ ഒരു പ്രഗൽഭ പ്രാസംഗികനായിത്തീർന്ന അദ്ദേഹം പല ജീവിതമണ്ഡലങ്ങളിലും ഒരു കാലഘട്ടത്തിൻെറ ചൈതന്യമായിരുന്നു. ബി.എൽ. ബിരുദംനേടി മദിരാശിയിൽ അഡ്വക്കേറ്റായി ജീവിതമാരംഭിച്ചെങ്കിലും അധികം താമസിയാതെ അതുവിട്ടു നാട്ടിൽ വന്ന് പിതാവിൻെറ വ്യാപാരങ്ങളും, വ്യവസായങ്ങളും ഏറ്റെടുത്ത് നടത്തേണ്ടിവന്നു. തുടർന്ന് വാണിജ്യവ്യവസായങ്ങളുടെ ഒരു സാമ്രാജ്യംതന്നെ അദ്ദേഹം കെട്ടിപ്പടുത്തു. രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക മണ്ഡലങ്ങളിൽ അദ്ദേഹം പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചു. ഫാറൂഖ് ട്രെയിനിംഗ് കോളേജിൻെറ സ്ഥാപനത്തിന് ഹസ്സൻകോയ സാഹിബ് നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്. മദിരാശി കേരള സർവ്വകലാശാലകളിൽ അദ്ദേഹം ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിക്കുകയുണ്ടായി. ഫാറൂഖ് കോളേജിന് അദ്ദേഹം ഒരഭിമാനം തന്നെയായിരുന്നു.

ഡോക്ടർ. ടി.പി. മുഹമ്മദ്

1988 ആഗസ്റ്റ് 28-ന് 64-ാം വയസ്സിൽ അന്തരിച്ച ഡോ. ടി.പി. മുഹമ്മദ് സാഹിബ് ഫാറൂഖ് കോളേജുമായി ആജീവനാന്തം ബന്ധപ്പെട്ടിരുന്ന ഒരു വ്യക്തിയായിരുന്നു. കാലിക്കറ്റ് സർവ്വകലാശാലയുടെ സെനറ്റ്, സിണ്ടിക്കേറ്റ്, അക്കാഡമിക്കൗൺസിൽ എന്നിവയിൽ ദീർഘകാലം പ്രവർത്തിച്ച ഡോ. ടി.പി. മണ്ണൂത്തി സർവ്വകലാശാല അക്കാദമിക് കൗൺസിൽ, സംസ്ഥാന വിദ്യാഭ്യാസ ഉപദേശകസമിതി, സംസ്ഥാന ഹജ്ജ്കമ്മറ്റി എന്നിവയിലും അംഗമായിരുന്നു. മുസ്‌ലിം എജ്യൂക്കേഷനൽ സൊസൈറ്റി(MES)യിൽ പല ഔദ്യോഗിക സ്ഥാനങ്ങളും വഹിച്ചിരുന്ന അദ്ദേഹം മുസ്‌ലിം സർവ്വീസ് സൊസൈറ്റി(MSS)യുടെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു.


ഫറൂഖാബാദിലെ സകല സ്ഥാപനങ്ങളുടെയും മാതൃസംഘടനയായ റൗസത്തുൽ ഉലൂം അസോസിയേഷനിൽ മെമ്പറായിരുന്ന





ഡോക്ടർ ടി.പി. മരണം വരെ റൗസത്തുൽ ഉലൂം അറബിക്കോളേജ് മാനേജിംഗ് കമ്മറ്റിയിലും മെമ്പറായിരുന്നു. ആരംഭഘട്ടത്തിൽ കുറേക്കാലം അദ്ദേഹം ഫാറൂഖ് കോളേജിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും ഓണററി ഡോക്ടറായും സേവനം അനുഷ്ഠിക്കുകയുണ്ടായി. അക്കാലങ്ങളിൽ ആഴ്ചയിൽ രണ്ടുദിവസം കോളേജിലും ഹോസ്റ്റലുകളിലും നേരിട്ട് വന്ന് അദ്ദേഹം ചികിത്സ നടത്തിപ്പോന്നു.

വ്യക്തമായ സാമൂഹ്യവീക്ഷണവും സേവനതല്പരതയുമുണ്ടായിരുന്ന ഡോക്ടർ ടി. പി. എക്കാലവും കോളെജിന്റെ ഉന്നതിക്കുവേണ്ടി നിലകൊണ്ടു. കാലിക്കറ്റ് സർവ്വകാലാശാലാ സിണ്ടിക്കേറ്റംഗമായിരിക്കേ അദ്ദേഹം ഫാറൂഖ്കോളേജിന്റെ കാര്യങ്ങളിൽ കാണിച്ചിരുന്ന താല്പര്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്.




V.M. MUHAMED SAHIB



CHAKKEERY BIYYATHU TTY

V.M. MOIDEEN SAHIB



KODITHODI AHAMED KUTTY HAJEE.



മറ്റു പലരും കോളേജിന്റെ സ്ഥാപനത്തിനായി സ്ഥലവും സ്വത്തുക്കളും നല്കുകയുണ്ടായിട്ടുണ്ട്. ആകൂട്ടത്തിൽ എടുത്തുപറയേണ്ട നാമങ്ങളാണ് മൂന്നിൽപ്പരം ഏക്കർ സ്ഥലം നൽകിയ കോളേജിന്റെ പരിസരവാസിയായിരുന്ന ജനാബ് വടക്കെ വീട്ടിൽ മുഹമ്മദ് സാഹിബും, മൂന്ന് ഏക്കർ സ്ഥലം നൽകിയ അദ്ദേഹത്തിന്റെ അനുജൻ ജനാബ് വി.എം. മൊയ്തീൻസാഹിബും, ഒന്നിൽ ചില്വാനം ഏക്കർ നൽകിയ ബിയ്യാത്തുട്ടി എന്നിവരും.

കോളേജിന്റെ സ്ഥിരാംഗീകാരത്തിന് മദിരാശി യൂനിവേഴ്സിറ്റിക്ക് അഞ്ചുലക്ഷം ഉറുപ്പികയുടെ എൻഡോവ്മെന്റ് നൽകേണ്ടതുണ്ടായിരുന്നു. ഇതിലേക്ക് 1,70,000 ക. പിരിച്ചുണ്ടാക്കി. ബാക്കി സംഖ്യ ഭൂസ്വത്തായി നൽകാൻ യൂനിവേഴ്സിറ്റി അനുവദിച്ചു. ഈ പ്രതിസന്ധിയിൽ കോളേജിനെ സ്വത്ത് നൽകി സഹായിക്കാൻ പലരും മുന്നോട്ടുവന്നു. അതുമൂലം 1950-ൽ യൂനിവേഴ്സിറ്റിക്ക് ആവശ്യമായ എൻഡോവ്മെന്റ് നൽകാൻ കഴി


ഞ്ഞു. അന്ന് സ്വത്ത് നൽകിയവരാണ് 1. ജ: കോടിത്തൊടിക അഹമ്മദുകുട്ടി ഹാജി; അക്കാലത്ത് 30,000 ക. വിലമതിപ്പുള്ള 15 ഏക്കർ വിസ്തീർണ്ണമുള്ള കോടിത്തൊടി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന കുണ്ടോട്ടി ഏക്കാപറമ്പിലെ ഒരു നല്ല തെങ്ങിൻതോട്ടമാണ് അദ്ദേഹം സംഭാവന ചെയ്തത്. മൊറയൂർ ബീരാൻ ഹാജി മെമ്മോറിയൽ ഹൈസ്കൂളിൻെറ സ്ഥാപകനായ അദ്ദേഹം വിദ്യാഭ്യാസ തൽപരനും ഒരു വലിയ ധർമ്മിഷ്ഠനുമായിരുന്നു. 2. കെ.യം. സീതിസാഹിബ്; കൊടുങ്ങല്ലൂരിലെ തൻെറ സഭാപറമ്പ് എന്ന തെങ്ങിൻതോട്ടമാണ് അദ്ദേഹം നൽകിയത്. 3. ജ: സിദ്ദിഖ് സേട്ട് സാഹിബ്; അക്കാലത്ത് ഒരു ലക്ഷം ഉറുപ്പിക വിലമതിപ്പുള്ളതും 404 ഏക്കർ വിസ്തീർണ്ണമുള്ളതുമായ പള്ളിപ്പുറം, മുനമ്പം എസ്റ്റേറ്റാണ് അദ്ദേഹം സംഭാവന ചെയ്തത്. കൊച്ചിൻ സ്വദേശിയായ അദ്ദേഹം ഇതിനുപുറമെ പല സഹായങ്ങളും കോളേജിന് നൽകിയിട്ടുണ്ട്. 4. മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജി സാഹിബ്; അന്ന് ഒരു ലക്ഷം രൂപ വിലമതിപ്പുള്ളതും 112 ഏക്കർ വിസ്തീർണ്ണമുള്ളതുമായ വൈക്കം-മുണ്ടാർ എസ്റ്റേറ്റാണ് അദ്ദേഹം നൽകിയത്. കേരളത്തിലെ എല്ലാ നല്ല പ്രസ്ഥാനങ്ങളുടെയും മുൻപന്തിയിൽ പ്രവർത്തിച്ച ഇദ്ദേഹം 1922-ൽ തന്നെ മുസ്ലിംകളുടെ വകയായി ആലുവയിൽ ഒരു കോളേജ് സ്ഥാപിക്കാൻ ശ്രമിക്കുകയുണ്ടായി. ഫാറൂഖ് കോളേജ് സ്ഥാപിതമായപ്പോൾ അതിൻെറ അഭിവൃദ്ധിയിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചത്. 5. ഐക്യസംഘം വക അന്ന് കൊടുങ്ങല്ലൂരിൽ സ്ഥിതിചെയ്തിരുന്ന 30,000 ക. മതിപ്പുവിലയുള്ള ഒരു സ്വത്തും കോളേജിന് ലഭിക്കുകയുണ്ടായി. സംഘത്തിൻെറ പ്രതിനിധിയായി പ്രസ്തുത സ്വത്ത് കോളേജിൽ രജിസ്റ്റർ ചെയ്തുകൊടുത്തതും മണപ്പാട് കുഞ്ഞഹമ്മദ് ഹാജി തന്നെയായിരുന്നു.

കോളേജിന് സാമ്പത്തികമായും മറ്റു വിധത്തിലും ധാരാളം സേവനങ്ങളർപ്പിച്ച പലരും ഇനിയുമുണ്ട് പ്രത്യേകം പ്രത്യേകം അനുസ്മരിക്കാൻ സാധിക്കാത്തവിധം വിപുലമാണ് അവരുടെ പട്ടിക. അതുകൊണ്ട് ഈ ലേഖനം ഇങ്ങനെ പരിമിതപ്പെടുത്തുന്നു.

U



M. SIDDIQUE SAIT SAHIB



MANAPPAT KUNHI MOHAMMED SAHIB

KOYAPPATHODI. M., AHAMMED KUTTY HAJEE



KHAN BAHADUR HAJEE, V. ALI BARAMI





SYED ABDURAHIMAN, BAFAQI THANGAL



HAJEE ABDUSATHAR, HAJEE ESSACK SETH

K. IMBICHAMMED HAJEE



KHAN SAHEB, A.K. ALI KUNHI





S.M. SYED MOHAMMED SAHIB



K. ABOOBACKER SAHIB



Dr. A. LAKSHMANA SWAMI MUDALIYAR


B. POCKER SAHIB



M. MOHAMED ISMAIL SAHIB



കഴിഞ്ഞ 40 വർഷങ്ങൾക്കുള്ളിൽ ഫാറൂഖ് കോളെജിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചശേഷം വിടചോദിച്ച അധ്യാപക-അനധ്യാപക സുഹൃത്തുക്കൾ ഏറെപ്പേരുണ്ട്. പലരും ദൈവാനുഗ്രഹത്താൽ പല തുറകളിലായി റിട്ടയർമെൻറ് ജീവിതം നയിക്കുന്നവരാണ്. അവരെ ഞങ്ങളീ സന്ദർഭത്തിൽ കൃതജ്ഞതാപൂർവം സ്മരിക്കുകയും അവരുടെ ആയുരാരോഗ്യങ്ങൾക്കായി പ്രാർഥിക്കുകയും ചെയ്യുന്നു. ഈ ലോകത്തോട് വിടപറഞ്ഞുപോയ മഹത്തുക്കൾക്ക് ഞങ്ങൾ ഹൃദയപൂർവ്വം ആദരാഞ്ജലികൾ അർപ്പിക്കുന്നു.



**ടി.സി. മമ്മിസാഹിബ് (മലയാളം)**

1949-ൽ കോളെജിലെ മലയാളം വിഭാഗത്തിൽ അധ്യാപകനായി ചേർന്ന ജനാബ് മമ്മിസാഹിബ് എട്ടുകൊല്ലം പ്രശസ്തമായ സേവനമനുഷ്ഠിച്ചു. 1957 മാർച്ച് 19-ാം തീയതി അദ്ദേഹം ഈ ലോകത്തോടു യാത്ര പറഞ്ഞു. ഒരു മാപ്പിളപ്പാട്ടു രചയിതാവെന്ന നിലയിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. തികഞ്ഞ മതവിശ്വാസം, തളരാത്ത പരിശ്രമശീലം, നിറഞ്ഞ ആദർശബോധം എന്നിവയുടെ സമാഹാരമായിരുന്നു മമ്മിസാഹിബ്.



**കെ. കുര്യാക്കോസ് (മലയാളം)**

കോളെജ് ആരംഭിച്ചതുമുതൽ 1954-ൽ പിരിഞ്ഞുപോകുന്നതുവരെ കോളെജിൻെറ ദൈനംദിന പ്രവർത്തനങ്ങളിലെല്ലാം സജീവ പങ്കാളിത്തം വഹിച്ച ഒരു വ്യക്തിയായിരുന്നു ശ്രീ. കുര്യാക്കോസ്. വിശ്രമമില്ലാതെ പ്രവർത്തിക്കാനും, നർമ്മസംഭാഷണംകൊണ്ടേവരെയും രസിപ്പിക്കാനും അദ്ദേഹത്തിനുള്ള കഴിവ് പ്രത്യേകമായിരുന്നു.







**കെ.ആർ. അച്ചുതൻ (ഇംഗ്ലീഷ്)**

നിശ്ശബ്ദനും പരമസാത്വികനുമായ ഒരധ്യാപകനായിരുന്നു ശ്രീ. കെ.ആർ. അച്ചുതൻ. അദ്ദേഹത്തിന്റെ കൃത്യനിഷ്ഠയും കർത്തവ്യബോധവും മാതൃകാപരമായിരുന്നു. കോളെജിലെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ സേവനമനുഷ്ഠിച്ചു.

**എം. പത്മനാഭൻനായർ (ഇംഗ്ലീഷ്)**

1950-ൽ കോളെജിൽ ചേർന്ന ശ്രീ. പത്മനാഭൻ നായർ ആദർശശാലിയായ ഒരു ഇംഗ്ലീഷ് അധ്യാപകനായിരുന്നു. 1964-ൽ കണ്ണൂർ എസ്. എൻ. കോളെജിൽ പ്രൊഫസറായി നിയമനം കിട്ടിയപ്പോൾ കോളെജിൽനിന്നും പിരിഞ്ഞുവെങ്കിലും കോളെജുമായി ബന്ധം നിലനിർത്തിയിരുന്നു. 1972-ൽ കോഴിക്കോട് മെഡിക്കൽ കോളെജിൽവച്ച് 'പപ്പൻ മാസ്റ്റർ' നിര്യാതനായി.


**പി.വി. രാജഗോപാൽ (ഇംഗ്ലീഷ്)**


പി.വി.ആർ.' എന്ന പേരിലറിയപ്പെട്ടിരുന്ന ശ്രീ. രാജഗോപാൽ ഒരു 'പവർ ജനറേറ്റർ'തന്നെ ആയിരുന്നു. സവിശേഷമായ അധ്യാപനശൈലികൊണ്ടും മാസ്മരികമായ വ്യക്തിത്വംകൊണ്ടും അദ്ദേഹം ഏവരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റി. വളരെക്കാലം കോളെജ് മാഗസിന്റെ എഡിറ്റർ ആയിരുന്നു. സേവനത്തിലിരിക്കെ തന്നെ, കുടൽ സംബന്ധമായ രോഗം പിടിപെട്ട് അദ്ദേഹം മരണമടഞ്ഞു. ഇംഗ്ലീഷ് ഭാഷയുടെ ആത്മാവും തനതായ നാടകീയതയും ചേർത്തുകൊണ്ടുള്ള പി.വി.ആറിന്റെ ക്ലാസുകൾ അയവിറക്കുന്നവർ ഇന്നും ഏറെയുണ്ട്.



**യു. പരശുരാമയ്യർ (കോമേഴ്സ്)**

1951-ൽ കോമേഴ്സ് വകുപ്പിൽ അധ്യാപകനായി ചേർന്ന ശ്രീ പരശുരാമയ്യർ അവിസ്മരണീയമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അക്കൗണ്ടൻസി പഠിപ്പിക്കുന്നതിൽ സമർഥനായിരുന്ന അദ്ദേഹം മുൻകയ്യെടുത്തു തുടങ്ങിയതാണ്, ഇന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്ന കോളെജ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി. 1967-ൽ റിട്ടയർ ചെയ്ത അദ്ദേഹം ഇന്ന് ജീവിച്ചിരിപ്പില്ല.





എം. നമ്പിരാജ് (ഹിന്ദി)


ഹിന്ദിവകുപ്പിൽ ദീർഘകാലം സേവനമനുഷ്ഠിച്ച, പരമസാത്വികനായ അധ്യാപകനായിരുന്നു ശ്രീ. നമ്പിരാജ്. സർവീസിലിരിക്കെത്തന്നെ, രോഗം ബാധിച്ച് മരണപ്പെട്ട അദ്ദേഹത്തെപ്പറ്റി നല്ലതു മാത്രമേ ആർക്കും ഓർമിക്കാനുള്ളു. 1-11-75-ലായിരുന്നു അദ്ദേഹത്തിൻെറ ദേഹവിയോഗം.

സയ്യിദ് അബ്ദുർ റബ്ബ്

മൈസൂർ സ്വദേശിയായിരുന്ന സയ്യിദ് അബ്ദുറബ്ബ് 1950-ൽ കോളേജ് സർവ്വീസിൽ ലക്ചററായി ചേർന്നു. തികച്ചും സാത്വികനായിരുന്ന അദ്ദേഹം ചില വ്യക്തിപരമായ കാരണങ്ങളാൽ സ്വദേശത്തേക്ക് തിരിക്കുകയും 31.8.1963-ന് ജോലി ഉപേക്ഷിക്കുകയും ചെയ്തു. തുടർന്നു ഏതാനും വർഷങ്ങൾക്കു ശേഷം അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

കെ. കുഞ്ഞൻ രാജ (കെമിസ്ട്രി)

പാണ്ഡിത്യത്തിന് പേരുകേട്ട കൊടുങ്ങല്ലൂർ കോവിലകത്തെ ഒരംഗമായിരുന്നു പ്രൊഫ. കെ. കുഞ്ഞൻ രാജ. അഞ്ചുവർഷം ഫാറൂക്ക് കോളെജ് കെമിസ്ട്രി വിഭാഗത്തിൻെറ തലവനായി സേവനമനുഷ്ഠിച്ചു. ഒരേ സമയം അധൃഷ്യനും അഭിഗമ്യനുമായിരുന്ന അദ്ദേഹം ഈ സ്ഥാപനത്തിൻെറ അഭിമാനമായിരുന്നു. ദിവംഗതനായ ആ മഹാനുഭാവനെ ഇന്നും സ്നേഹാദരങ്ങളോടെ ഓർമിക്കുന്ന ശിഷ്യഗണങ്ങൾ അനേകമാണ്.



ഗുലാം മുസ്തഫ

1-7-1968ന് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെൻറിൽ ലക്ചററായി ചേർന്ന ഗുലാം മുസ്തഫ ഉജ്ജയിൻ (മദ്ധ്യപ്രദേശ്) സ്വദേശിയായിരുന്നു. പ്രശസ്തമായ എട്ടു വർഷത്തെ സേവനത്തെ തുടർന്നു ചില ശാരീരികാസ്വാസ്ഥ്യങ്ങൾ മൂലം അദ്ദേഹം 1-6-1976ന് കോളേജിനോട് വിടപറഞ്ഞു. 26-4-77ന് 35-ാം വയസ്സിൽ അദ്ദേഹം സ്വദേശത്ത് നിര്യാതനായി.


**നീലകണ്ഠയ്യർ (ഫിസിക്സ്)**

1958 മുതൽ '61 വരെ ഫിസിക്സ് ഡിപ്പാർട്ട്മെൻറിൻെറ തലവനായി സേവനമനുഷ്ഠിച്ച വ്യക്തിയായിരുന്നു, പ്രൊഫ: നീലകണ്ഠയ്യർ. അദ്ദേഹം 1982-ൽ നിര്യാതനായി.



**എ.കെ. അബ്ദുൽ മജീദ് (ഫിസിക്സ്)**

1951-ലാണ് ജനാബ് എ.കെ. അബ്ദുൽ മജീദ് സാഹിബ് ഫിസിക്സ് അധ്യാപകനായി കോളെജിൽ ചേർന്നത്. 1979-ൽ അദ്ദേഹം ഫിസിക്സ് വകുപ്പു തലവനായി. 1983-ൽ തൻെറ എറിയാട്ടുള്ള വസതിയിൽ വച്ച് അദ്ദേഹം ഹൃദയസ്തംഭനംമൂലം നിര്യാതനായി. ഫാറൂഖിൽ വന്നതുമുതൽ കോളെജിൻെറ അഭിവൃദ്ധിയിൽ സജീവതാല്പര്യമെടുത്ത അദ്ദേഹത്തിൻെറ സൗമ്യതയും കർത്തവ്യബോധവും മാതൃകായോഗ്യമാണ്.



**കെ.എ. ജബ്ബാർ (സുവോളജി)**


1950-ൽ നാച്ചുറൽ സയൻസ് ലക്ചററായി കോളെജ് സർവീസിൽ പ്രവേശിച്ച ജബ്ബാർ സാഹിബ് പിന്നീടു സുവോളജി അധ്യാപകനായി. 1978-ൽ അദ്ദേഹം സുവോളജി വകുപ്പു തലവനായി. 1982-ൽ സർവീസിൽനിന്നും വിരമിച്ചു. തൻെറ വിദ്യാർഥികളുടെ ക്ഷേമത്തിൽ അതീവതല്പരനായിരുന്ന അദ്ദേഹത്തിന് അഭ്യുദയകാംക്ഷികളുടെയും സുഹൃത്തുക്കളുടെയും വിപുലമായ ഒരു വലയമുണ്ടായിരുന്നു.




**എം. ബാബുപോൾ (ഇംഗ്ലീഷ്)**

1965-ൽ കോളെജിൽ ഇംഗ്ലീഷ് അധ്യാപകനായി ചേർന്ന ശ്രീ. ബാബുപോൾ 1979-ൽ നൈജീരിയയിൽ ഉദ്യോഗം സ്വീകരിച്ചുകൊണ്ട് ലീവിൽ പ്രവേശിച്ചു. ലീവ് കാലാവധി കഴിഞ്ഞ് കോളെജിൽ സേവനം തുടരാൻ വേണ്ടി മടങ്ങിവരുന്നവഴി അദ്ദേഹം ആകസ്മികമായി മരണപ്പെടുകയാണുണ്ടായത്. പ്രശസ്ത സാഹിത്യകാരനായിരുന്ന ശ്രീ. എം.പി. പോളിൻെറ പുത്രനായിരുന്ന അദ്ദേഹം സമർഥനായ ഒരധ്യാപകൻ, നല്ലൊരഭിനേതാവ്, സ്പോർട്സ്മേൻ എന്നീ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. വിദ്യാർഥികളുടെ മനസ്സിൽ ആഞ്ഞുതറക്കുന്ന, ഗാംഭീര്യം നിറഞ്ഞ അദ്ദേഹത്തിൻെറ ക്ലാസ്സുകൾ അക്കാലങ്ങളിൽ ഇംഗ്ലീഷ് വകുപ്പിൻെറ തന്നെ അഭിമാനമായിരുന്നു.









**എം.ആർ. കുഞ്ഞഹമ്മദ് (ഹിസ്റ്ററി)**

ജനാബ് പി. മമ്മുസാഹിബിൻെറ ലീവ് വേക്കൻസിയിൽ നിയമിതനായ ജനാബ് എം.ആർ. കുഞ്ഞഹമ്മദ് 25-11-78-ൽ തലച്ചോർ സംബന്ധമായ രോഗം ബാധിച്ച് കോഴിക്കോട് മെഡിക്കൽകോളെജിൽവച്ച് നിര്യാതനായി. പ്രസന്നതയും ചുറുചുറുക്കും കൊണ്ട് കുറഞ്ഞകാലംകൊണ്ടുതന്നെ ശ്രദ്ധേയനായിരുന്നു എം.ആർ.

**ടി.വി. മാധവൻനമ്പ്യാർ (ഫിസിക്സ്)**

1966-ൽ കോളെജ് ഫിസിക്സ് ഡിപ്പാർട്ട്മെൻറിൽ നിയമിതനായ ശ്രീ. മാധവൻ നമ്പ്യാർ 1979-ൽ സെക്കൻെറ് ഗ്രെയ്ഡ് പ്രൊഫസറായി. 1980-ൽ നൈജീരിയയിൽ അധ്യാപനവൃത്തി സ്വീകരിച്ചുകൊണ്ട് കോളെജിൽ നിന്നും ദീർഘാവധിയിൽ പ്രവേശിച്ചു. 28-12-80-ൽ നൈജീരിയയിൽവച്ചുണ്ടായ ഒരു കാറപകടത്തിൽ അദ്ദേഹം മൃതിയടഞ്ഞു.

**സി.ആർ. ജോസഫ്**

1949 ജനുവരിയിൽ സർവീസിൽ ചേർന്നു. 1.4.'70-ന് പ്രൊഫസറായി പ്രൊമോട്ട് ചെയ്യപ്പെട്ടു. 31.5.'75-ന് പിരിഞ്ഞു. കോളേജിൻെറ ഒന്നാമത്തെ ഫിസിക്കൽ ഡയറക്ടറായിരുന്നു. അദ്ദേഹം 3.1.89-ൽ സ്വന്തം നാട്ടിൽ നിര്യാതനായി

---



*"Farook College is not just another institution meant to turn out graduates in large numbers. The progenitors of this college have rightly held the view that instruction in the various branches of modern knowledge should be imparted in an atmosphere paying due attention for the religious values. We hold that a system which is entirely utilitarian or which 'pursues knowledge for the sake of knowledge' to the exclusion of other interests and aims, or whcih pays attention only to spiritual values cannot meet adequately the need of the citizen or the society."*

*Editorial 1951 magazine*

### വി.കെ.അച്ചുതമേനോൻ.

1953-ൽ കോളേജിലെ കോമേഴ്സ് വിഭാഗം തലവനായി ചേരുന്നതിനു മുമ്പ് ശ്രീ വി.കെ. അച്ചുതമേനോൻ കൊച്ചിൻ ഗവൺമെൻറ് സർവീസിൽ ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ് എന്ന ഉയർന്ന ഉദ്യോഗം വഹിച്ചിരുന്നു. എട്ടു വർഷത്തെ പ്രശസ്ത സേവനത്തിനു ശേഷം അദ്ദേഹം 1961-ൽ കോളേജിൽനിന്നു പിരിഞ്ഞു.

### ശ്രീനിവാസ രാഘവൻ

മദ്രാസ് ഗവൺമെൻറ് സർവീസിൽ നിന്നും റിട്ടയർ ചെയ്തശേഷം ഫാറൂഖ് കോളേജ് ഗണിതശാസ്ത്രവിഭാഗത്തിൽ സേവനമനുഷ്ഠിച്ച പ്രമുഖനായിരുന്ന അധ്യാപകനായിരുന്നു, പ്രൊഫ. ശ്രീനിവാസ രാഘവൻ.

### ഇ. രാമൻമേനോൻ

കേരളത്തിലെ പ്രമുഖ ഗവൺമെൻറ് കോളേജുകളിലെ സേവനത്തിന് ശേഷമാണ് പ്രൊഫ: രാമൻമേനോൻ ഫാറൂഖ് കോളേജിലെ ഫിസിക്സ് വിഭാഗം തലവനായി ചേർന്നത്. 1965-ൽ അദ്ദേഹം കോളേജിനോട് വിടപറഞ്ഞു.

### സുബ്രഹ്മണ്യൻപിള്ള

ഗവൺമെൻറ് സർവീസിൽനിന്നും പിരിഞ്ഞ് ഫാറൂഖ് കോളേജിലെ സുവോളജി വിഭാഗത്തിൽ പ്രൊഫസറായി വന്ന് ചേർന്ന ശ്രീ സുബ്രഹ്മണ്യൻപിള്ള ശാന്തഗംഭീരമായ വ്യക്തിത്വത്തിൻെറ ഉടമയെന്ന നിലയിൽ ഇന്നും ഓർമ്മിക്കപ്പെടുന്നു.

### ടി. നാരായണൻ നമ്പീശൻ

9.12.1948-ൽ ഹിന്ദി പണ്ഡിറ്റ് ആയി ശ്രീ. നാരായണൻ നമ്പീശൻ കോളേജ് സർവീസിൽ പ്രവേശിച്ചു. 1958-ൽ അദ്ദേഹം ലക്ചററായി നിയമിതനായി. 1970 മുതൽ പ്രൊഫസറായും സേവനമനുഷ്ഠിച്ചു. കോളേജ് പ്ലാനിംഗ് ഫോറത്തിൻെറ നേതൃത്വം കുറെ വർഷങ്ങളോളം അദ്ദേഹം വഹിച്ചിട്ടുണ്ട്. 31.5.1971-ന് ശ്രീ. നമ്പീശൻ സർവീസിൽനിന്നും റിട്ടയർ ചെയ്തു.

### എൻ.കെ.എൻ. മേനോൻ

ശ്രീ എൻ.കെ.എൻ. മേനോൻ 1953-ലാണ് കോളേജ് മലയാളം ഡിപ്പാർട്ട്മെൻറിൽ അധ്യാപകനായത്. മുമ്പ് അറക്കുളം (വെസ്റ്റ്) എൽ.എസ്.എസിൽ ഹെഡ്മാസ്റ്ററായിരുന്നു. 1970-ൽ സെക്കൻറ് ഗ്രേഡ് പ്രൊഫസറായി. 19 വർഷക്കാലത്തെ സേവനത്തിന് ശേഷം 1973-ൽ അദ്ദേഹം റിട്ടയർ ചെയ്തു.

### എൻ.ജി. വൈദ്യനാഥൻ

1953-ൽ ഫിസിക്സ് അധ്യാപകനായി ഫാറൂഖ് കോളേജിൽ ചേർന്നു. 1965-ൽ പ്രൊഫസറും വകുപ്പു തലവനുമായി. 1975-ൽ അദ്ദേഹം റിട്ടയർ ചെയ്തു.

### എച്ച്.എം.എ. ഷുക്കൂർ

1949-ൽ പൊളിറ്റിക്സ് ലക്ചററായി ഫാറൂഖ് കോളേജിൽ നിയമിതനായ എച്ച്.എം.എ. ഷുക്കൂർ സാഹിബ് 1951-ൽ വിട്ടുപോയി. 1952-ൽ കോളേജിൽ മടങ്ങിവന്ന് എക്കണോമിക്സ് അധ്യാപകനായി. 1970-ൽ പ്രൊഫസറായി. 30.9.'76-ൽ അദ്ദേഹം കോളേജിൽ നിന്നും പരിഞ്ഞു.

### ടി. അബ്ദുല്ല

1951-ൽ കോളേജിലെ കോമേഴ്സ് വകുപ്പിൽ അധ്യാപകനായ ജനാബ് ടി. അബ്ദുല്ല സാഹിബ് 1961-ൽ പ്രൊഫസറായി. 1965—'66 വർഷത്തിൽ മമ്പാട് എം.ഇ.എസ്. കോളേജിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. 1969-ൽ ഫസ്റ്റ് ഗ്രേഡ് പ്രൊഫസറായി. 1979-ൽ അദ്ദേഹം കോളേജ് സർവീസിൽനിന്നും വിരമിച്ചു.

### കെ.വി. അബ്ദുറഹ്മാൻ

ജനാബ് അബ്ദുറഹ്മാൻ സാഹിബ് 1951-ലാണ് കോളേജിലെ ഹിസ്റ്ററി ആൻഡ് എക്കണോമിക്സ് വിഭാഗത്തിൽ അധ്യാപകനായത്. 1964-ൽ അദ്ദേഹം ഡിപ്പാർടട്മെൻറ് തലവനായി. ഫാറൂഖ് കോളേജ് ഹോബി വർക്ക്ഷോപ്പിൻെറ സൂത്രധാരകൻ അദ്ദേഹമായിരുന്നു. വിദ്യാർത്ഥികളുടെ പൊതുവിജ്ഞാനരംഗത്തുള്ള പരിശീലനങ്ങൾക്ക് അദ്ദേഹമാണ് നേതൃത്വം നല്കിയിരുന്നത്. 25.2.1981-ൽ അദ്ദേഹം കോളേജിനോട് വിടപറഞ്ഞു.

### എം. മുഹമ്മദ്

ജനാബ് എം. മുഹമ്മദ് സാഹിബ് 1950-ൽ കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെൻറിൽ അധ്യാപകനായി ചേർന്നു. 1963-ൽ ഫുൾടൈം എൻ.സി.സി. നേവൽ ഓഫീസറായി നിയമിതനായി. 1968-ൽ മടങ്ങി കോളേജിലെത്തി അധ്യാപനം തുടർന്നു. 1970-ൽ പ്രൊഫസറായി. 22.5.'80-ൽ തളിപ്പറമ്പ് സർസെയ്യിദ് കോളേജിൻെറ പ്രിൻസിപ്പൽ പദം സ്വീകരിച്ചുകൊണ്ട് കോളേജിൽ നിന്നും വിടവാങ്ങി. 31.3.1981-ലാണ് അദ്ദേഹം റിട്ടയർ ചെയ്തത്.

### ജോർജ് വി. ആൻഡ്രൂസ്

1964-ൽ ഇംഗ്ലീഷ് വകുപ്പുതലവനായിക്കൊണ്ടാണ് ഫാറൂഖ് കോളേജ് സർവീസിൽ ഡോക്ടർ ജി.വി. ആൻഡ്രൂസ് പ്രവേശിച്ചത്. 1967-ൽ ഫസ്റ്റ്ഗ്രേഡ് പ്രൊഫസറായും കാലിക്കറ്റ് യൂനിവേഴ്സിറ്റി റിസേർച്ച് ഗൈഡ് ആയും നിയമിക്കപ്പെട്ടു. 1982-ൽ അദ്ദേഹം റിട്ടയർ ചെയ്തു.

### എ.പി.പി. നമ്പൂതിരി

ശ്രീ എ.പി.പി. നമ്പൂതിരി 1951-ൽ കോളേജിലെ മലയാളം ഡിപ്പാർട്ടുമെൻറിൽ അധ്യാപകനായി. 1970-ൽ പ്രൊഫസറായി. 1973-ൽ വകുപ്പു തലവനായി. 1982-ൽ ശ്രീകൃഷ്ണപുരം ഭട്ടതിരിപ്പാട് കോളേജിൻെറ പ്രിൻസിപ്പൽ പദം സ്വീകരിച്ചുകൊണ്ട് ഫാറൂഖ് കോളേജിൽനിന്നും വിടവാങ്ങി. മലയാള സാഹിത്യത്തിലെ അറിയപ്പെടുന്ന നിരൂപകന്മാരിലൊരാളായ അദ്ദേഹം കോളേജ് മാഗസിൻെറ എഡിറ്ററായി ദീർഘകാലം സേവനമനുഷ്ഠിച്ചു.

### എം. നൂർമുഹമ്മദ്

ജനാബ് നൂർമുഹമ്മദ് സാഹിബ് 1949-ലാണു രസതന്ത്രവകുപ്പിൽ അധ്യാപകനായി ഫാറൂഖ് കോളേജിലെത്തിയത്. 1963-ൽ അദ്ദേഹം പ്രൊഫസറായി. 1969-ൽ ഫസ്റ്റ് ഗ്രേഡ് പ്രൊഫസറായി. 1963 മുതൽ 1982-ൽ റിട്ടയർ ചെയ്യുന്നതുവരെ കെമിസ്ട്രി വകുപ്പു തലവനായി സേവനം അനുഷ്ഠിച്ചു. ഫാറൂഖ് കോളേജ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ടെനൻസി സൊസൈറ്റിയുടെ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്.

**കെ.എ. അലിക്കുഞ്ഞി**

ജനാബ് അലിക്കുഞ്ഞി സാഹിബ് 1953-ൽ കോളേജ് അറബി വകുപ്പിൽ അധ്യാപകനായി. 1958 മുതൽ 1960 വരെ ഉത്തമ പാളയം എച്ച്.കെ.ആർ.എച്ച്. കോളേജിൽ സേവനമനുഷ്ഠിച്ചു. '60-ൽ വീണ്ടും കോളേജിൽ മടങ്ങിവന്ന് അധ്യാപനം തുടർന്നു. 1979-ൽ അറബി വകുപ്പു തലവനായി. 15 വർഷക്കാലം എൻ.സി.സി. നേവൽ യൂനിറ്റിൻെറ ഓഫീസറായിരുന്നു. 1983-ൽ റിട്ടയർ ചെയ്തു.

**വി.ജി.കെ. നായർ**

1953-ൽ ലോജിക് ലക്ചററായി സർവീസിൽ പ്രവേശിച്ചു. 1970-ൽ ഹിസ്റ്ററി വിഭാഗം പ്രൊഫസറായി. 1981-ൽ ഹിസ്റ്ററി ആൻഡ് എക്കണോമിക്സ് വകുപ്പിൻെറ തലവനായി. 1957 മുതൽ എൻ.സി.സി. ഓഫീസറായിരുന്നു. ആന്ധ്രാബറ്റാലിയൻ എൻ.സി.സി.യുടെ ഫുൾടൈം കമാൻഡിംഗ് ഓഫീസറായി ഒരു കൊല്ലം ജോലി നോക്കിയിട്ടുണ്ട്. 1984-ൽ സർവീസിൽ നിന്നും പിരിഞ്ഞു.

**എം. മൊയ്തീൻകുട്ടി**

ജനാബ് മൊയ്തീൻകുട്ടി സാഹിബ് 1961-ൽ കോളേജ് അറബി വകുപ്പിൽ അധ്യാപകനായി. 1979-ൽ അദ്ദേഹം പ്രൊഫസറായി. 1983-ൽ അറബി വകുപ്പു തലവനായി. 1985-ൽ സൗദി അറേബ്യയിൽ ഉദ്യോഗം സ്വീകരിച്ചുകൊണ്ട് അദ്ദേഹം കോളേജിൽനിന്നും പിരിഞ്ഞു.

**എം. ഗോപിനാഥ്**

1952-ൽ മാത്തമാറ്റിക്സ് ലക്ചററായിട്ടാണ് ശ്രീ.എം. ഗോപിനാഥ് കോളേജ് സർവീസിൽ പ്രവേശിച്ചത്. 1970-ൽ അദ്ദേഹം പ്രൊഫസറായി. 1972 മുതൽ '73 വരെ കൽക്കട്ട യൂനിവേഴ്സിറ്റിയിലെ സെൻറർ ഓഫ് അഡ്വാൻസ്ഡ് സ്റ്റഡിയിൽ പരിശീലന കോഴ്സിനു പങ്കെടുത്തു. 1982-ൽ ഫസ്റ്റ് ഗ്രേഡ് പ്രൊഫസറായി. കോളേജ് ആസ്ട്രണോമിക്കൽ കൗൺസിൽ ഡയറക്റ്റർ, സ്റ്റുഡൻസ് സർവീസസ് ഡയറക്ടർ എന്നീ സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. 1986-ൽ അദ്ദേഹം സർവീസിൽനിന്നും പിരിഞ്ഞു.

**ടി.ഒ. പരീതുപിള്ള**

ജനാബ് പരീതുപിള്ള സാഹിബ് 1961-ലാണ് ഫാറൂഖ് കോളേജിലെ കോമേഴ്സ് വകുപ്പിൽ അധ്യാപകനായി ചേർന്നത്. 1976-ൽ അദ്ദേഹം സെക്കൻറ് ഗ്രേഡ് പ്രൊഫസറായി. 1979-ൽ കോമേഴ്സ് വകുപ്പു തലവനായി. 16.12.'82 മുതൽ 26.2.'83 വരെ പ്രൊഫ. ഇൻ-ചാർജ് എന്ന നിലയിൽ പ്രിൻസിപ്പലിൻെറ ചുമതലകൾ നിർവ്വഹിച്ചു. കാലിക്കറ്റ് യൂനിവേഴ്സിറ്റി സെനറ്റർ ആയി അദ്ദേഹം രണ്ടു പ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ടു. ബോർഡ് ഓഫ് സ്റ്റഡീസ് മെംബറും ആയിരുന്നിട്ടുണ്ട്. ഫാറൂഖ് കോളേജ് ഹെൽത്ത് സെൻറർ ഡയറക്റ്റർ, എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി, കോ-ഓപ്പറേറ്റീവ് സ്റ്റോർസ് എന്നിവയുടെ സെക്രട്ടറി എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. 1987-ൽ അദ്ദേഹം സർവീസിൽനിന്നും വിരമിച്ചു.

**പി.കെ. മുഹമ്മദ് യൂസുഫ്**

1966-ൽ മാത്തമാറ്റിക്സ് വകുപ്പിൽ ലക്ചററായി ചേർന്നു. 1979-ൽ സെക്കൻറ് ഗ്രേഡ് പ്രൊഫസറായി. 1986-ൽ ഫസ്റ്റ് ഗ്രേഡും ലഭിച്ചു. കോളേജ് സ്പോർട്സ് കൗൺസിലിലും ടെന്നീസ് ക്ലബ്ബിനും സജീവ പങ്കാളിത്തം വഹിച്ചിട്ടുണ്ട്. 1987-ൽ അദ്ദേഹം സർവീസിൽ നിന്നും വിരമിച്ചു.

**ഷാഹിദ് ലത്തീഫ്**

1961-ൽ കെമിസ്ട്രി അധ്യാപകനായി ലത്തീഫ് സാഹിബ് കോളേജ് സർവീസിൽ പ്രവേശിച്ചു. 1976-ൽ അദ്ദേഹം പ്രൊഫസറായി. മുമ്പ് ഉത്തമപാളയം എച്ച്.കെ.ആർ.എച്ച്. കോളേജിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1982-ൽ കെമിസ്ട്രി വകുപ്പു തലവനായി. 1987-ൽ കോളേജിൽനിന്നും വിരമിച്ചു.



**പി. അബ്ദുറഹ്മാൻ**

1967-ൽ കോമേഴ്സ് ഡിപ്പാർട്ടുമെൻറിൽ അധ്യാപകനായി ചേർന്നു. 1979-ൽ പ്രൊഫസറായി. '81 ഏപ്രിൽ 1 മുതൽ '82 മാർച്ച് 31 വരെ തളിപ്പറമ്പ് സർസെയ്യിദ് കോളേജ് പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. 1988-ൽ ഫസ്റ്റ് ഗ്രേഡ് പ്രൊഫസറും കോമേഴ്സ് വകുപ്പു തലവനുമായി പ്ലാനിംഗ് ഫോറം, സോഷ്യൽ സർവീസ് ലീഗ്, വൊക്കേഷനൽ ഗൈഡൻസ് സെൻറർ, ജൂബിലി ഹെൽത്ത് സെൻറർ എന്നിവയുടെ ഡയറക്ടർ സ്ഥാനം പലപ്പോഴായി വഹിച്ചിട്ടുണ്ട്. നാഷനൽ അഡൽട്ട് എജ്യൂക്കേഷൻ പ്രോജക്റ്റിൻെറ കോളേജിലെ ഓഫീസറായിരുന്നു. കാലിക്കറ്റ് യൂനിവേഴ്സിറ്റി സെനറ്റ് മെംബർ ആയും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1988-ൽ അദ്ദേഹം റിട്ടയർ ചെയ്തു.

**എസ്. അബ്ദുല്ല**

14.1.1963-ൽ എക്കണോമിക്സ് വകുപ്പിൽ അധ്യാപകനായിട്ടാണ് എസ്. അബ്ദുല്ലാ സാഹിബ് കോളേജിൽ ചേർന്നത്. 1978-ൽ സെക്കൻറ് ഗ്രേഡ് പ്രൊഫസറായി. 1.4.1984 മുതൽ ഹിസ്റ്ററി ആൻഡ് എക്കണോമിക്സ് വകുപ്പിൻെറ തലവനായി. 12.12.'84-ൽ എക്കണോമിക്സ് വകുപ്പിൻെറ നേതൃത്വത്തോടൊപ്പം ഫസ്റ്റ് ഗ്രേഡും കിട്ടി. കുറേക്കാലം എൻ.സി.സി. ഓഫീസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 31.3.1988-ൽ അദ്ദേഹം കോളേജ് സർവീസിൽ നിന്നും പിരിഞ്ഞു.

കോളേജിലെ അനധ്യാപകവിഭാഗത്തിൽ സേവനമനുഷ്ഠിച്ച ശേഷം മൺമറഞ്ഞ ചില വ്യക്തികളുടെ പേരുകളാണ് താഴെ ചേർക്കുന്നത്. കോളേജ് 40-ാം വാർഷികമാഘോഷിക്കുന്ന ഈ വേളയിൽ അവർക്കെല്ലാം ആദരാഞ്ജലികളർപ്പിക്കുന്നു.

**എം. പെരച്ചൻ:**

ഗാർഡനർ. 7.7.1967-ൽ കോളേജ് സർവ്വീസിൽ ചേർന്നു. സർവ്വീസിലിരിക്കേ, 24.10.'78-ൽ നിര്യാതനായി.


**ടി.പി. മുഹമ്മദ് കുട്ടി**

ഫറോക്ക് സ്വദേശിയായിരുന്ന ടി.പി. മുഹമ്മദുകുട്ടി 16-12-1951-ന് കോളേജ് സർവ്വീസിൽ ചേർന്നു. ഓഫീസ് അസിസ്റ്റൻറായും, ക്ലാർക്കായും സേവനമനുഷ്ഠിച്ച അദ്ദേഹം സർവ്വീസിലിരിക്കേ 14-8-1973-ന് നിര്യാതനായി.



**മമ്മൂട്ടി. ടി:**

അറ്റൻഡർ. 1.7.'54-ൽ കോളേജ് സർവ്വീസിൽ ചേർന്നു. സർവ്വീസിലിരിക്കെ തന്നെ 6.1.'83-ൽ നിര്യാതനായി.





**പെരുങ്കുഴിയൻ ഹംസ:**

വാച്ച്മേൻ. 12.3.'68-ൽ കോളേജിൽ ചേർന്നു. 10.8.'81-ന് കോളേജിൽനിന്നു പിരിഞ്ഞു. 26.10.'84-ൽ അദ്ദേഹം മൃതിയടഞ്ഞു.

**പി.പി. മുഹമ്മദ്:**

ലൈബ്രറി അറ്റൻഡർ. 24.8.'54-ന് അദ്ദേഹം കോളേജ് സർവ്വീസിൽ ചേർന്നു. 15.12.'79-ൽ സർവ്വീസിലിരിക്കെ മരണമടഞ്ഞു.





കോളേജ്സർവ്വീസിൽനിന്നും റിട്ടയർ ചെയ്ത് സ്വസ്ഥമായ ജീവിതം നയിക്കുന്ന അനദ്ധ്യാപക സുഹൃത്തുക്കളുടെ പേരുകൾ താഴെച്ചേർക്കുന്നു. അവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കാനും അവർക്ക് ആയുരാരോഗ്യങ്ങൾ നേരാനും ഈ അവസരം ഉപയോഗിക്കുന്നു.

**പി. മമ്മദ് :**

സൂപ്രണ്ട്. 1.12.1953-ൽ കോളേജ് സർവ്വീസിൽ പ്രവേശിച്ചു. കാഷ്യറായിരുന്നു. 9.12.1970-ൽ സീനിയർ സൂപ്രണ്ടായി പ്രൊമോഷൻ ലഭിച്ചു. 31.7.1979-ൽ റിട്ടയർ ചെയ്തു.

**പി. ഹസ്സൻകോയ:**

അറ്റൻഡർ. 1.9.1950-ൽ അറ്റൻഡർ ആയി കോളേജ് സർവ്വീസിൽ വന്നു. 30-ഓളം വർഷത്തെ സേവനത്തിന് ശേഷം 31.3.1980-ൽ റിട്ടയർ ചെയ്തു.

**എം.കെ. രാവുണ്ണി നായർ :**

അറ്റൻഡർ. 1 2.1949-ൽ കോളേജ് സർവ്വീസിൽ ചേർന്നു. 32 വർഷത്തെ സേവനത്തിന് ശേഷം 28.7.1981-ൽ റിട്ടയർ ചെയ്തു.

**പറമ്പൻ ഹംസ:**

വാച്ച്മേൻ. 28.8.1969-ൽ കോളേജ് സർവ്വീസിൽ ചേർന്നു. 30.6.1982-ൽ റിട്ടയർ ചെയ്തു.

**ഒ. സൈനബാ ബീവി:**

വിമൻസ് വെൽഫയർ ഓഫീസർ. 14.6.1965-ൽ ലൈബ്രറി അസിസ്റ്റൻറായി കോളേജിൽ ചേർന്നു. പിന്നീട് വിമൻസ് ഹോസ്റ്റലിൻെറ ചുമതലകൾ വഹിച്ചു. വിമൻസ് വെൽഫയർ ഓഫീസറായി സേവനമനുഷ്ഠിക്കെ, 31.8.'82-ൽ റിട്ടയർ ചെയ്തു.

**പി. ഉണ്ണിനായർ:**

ഡഫേദാർ. 1.5.1966-ൽ കോളേജ് സർവ്വീസിൽ ചേർന്നു. 1.2.'83-ൽ ഡഫേദാറായി. 31.10.1983- ൽ റിട്ടയർ ചെയ്തു.

**സി.എച്ച്. ആലി:**

ഡഫേദാർ. 1.3.1969-ൽ കോളേജ് സർവ്വീസിൽ ചേർന്നു. 31.7.1984-ൽ റിട്ടയർ ചെയ്തു.

**എ . ഗോവിന്ദൻകുട്ടി നായർ:**

സൂപ്രണ്ട്. 1952-ൽ ഹോസ്റ്റൽ ക്ലാർക്കായി കോളേജ് സർവ്വീസിൽ വന്നു. 5.8.1963-ൽ കോളേജ് ഓഫീസിൽ നിയമിതനായി. 3.8.'80-ൽ സീനിയർ സൂപ്രണ്ടായി. 30.4.'85-ൽ റിട്ടയർ ചെയ്തു. കോളേജിൻെറ ഇൻേറർണൽ ഓഡിറ്ററാണ് ഇപ്പോൾ.

**എം. കുഞ്ഞിമുഹമ്മദ്:**

അറ്റൻഡർ. 16.6.'54-ൽ അറ്റൻഡർ ആയി സർവ്വീസിൽ പ്രവേശിച്ചു. ഏകദേശം 32 വർഷത്തെ സേവനത്തിന് ശേഷം 30.6.1986-ൽ റിട്ടയർ ചെയ്തു.

**സി. മൊയ്തീൻ കോയ:**

1.9.1951-ൽ അറ്റൻഡറായി കോളേജ് സർവ്വീസിൽ പ്രവേശിച്ചു. 31.7.'87-ൽ ഏകദേശം 36 വർഷത്തെ സേവനത്തിന് ശേഷം റിട്ടയർ ചെയ്തു.

**പി. അഹമ്മദ് കുട്ടി:**

അറ്റൻഡർ. 15.6.1954-ൽ അറ്റൻഡറായി കോളേജ് സർവ്വീസിൽ പ്രവേശിച്ചു. 33 വർഷത്തെ സേവനത്തിന് ശേഷം, 31.8.1987-ൽ റിട്ടയർ ചെയ്തു.

**പി. മുഹമ്മദ് കുട്ടി:**

അറ്റൻഡർ. 1.7 1953-ൽ പ്യൂൺ ആയി നിയമിതനായി. 1.4.62-ൽ ഓഫീസിൽ അറ്റൻഡർ ആയി. 34 വർഷത്തെ സേവനത്തിന് ശേഷം 30.9.1987-ൽ റിട്ടയർ ചെയ്തു.